# MINUTES OF THE ORDINARY MEETING OF THE SENATE

**DATE: 30TH JANUARY 2020 (THURSDAY)**
**TIME: 10.00 AM**
**VENUE: CHERUSSERY AUDITORIUM**
**THAVAKKARA CAMPUS, KANNUR**

## MEMBERS PRESENT:

1. Prof. Gopinath Ravindran (Vice-Chancellor)
2. Dr.P.T.Raveendran (Pro-Vice-Chancellor)
3. Sri. Ferold Xavier, Secretary to Govt. (Finance)
4. Sri. T.G. Vinod, Secretary to Govt. (IT)
5. Sri. Biju Kandakkai
6. Dr. V.P.P. Mustafa
7. Adv. P. Sandosh Kumar
8. Dr.T.P. Ashraf
9. Dr. K. Ajayakumar
10. Dr. Wilson V.A.
11. Dr. John Joseph
12. Dr. P. Omana
13. Sri. A. Nisanth
14. Sri. M.C. Raju
15. Sri. Sunny Joseph
16. Smt. Omana Ramachandran
17. Sri. A.A. Jaleel
18. Sri. Madhavan Maniyara
19. Adv. Sasi Vattakovval
20. Dr. M. Sini
21. Dr. Joby K Jose
22. Dr.Jayakumar P.P.
23. Dr. Dominic Thomas
24. Sri. K.V. Unnikrishnan
25. Dr. Manjula K.V.
26. Sri. Vijayan K
27. Sri. Jayakrishnan T.V.
28. Sri. Ismail Olayikkara
29. Sri. Shanavas S.M.
30. Dr. Swarupa R
31. Smt. Latha E.S.
32. Dr. R.K. Biju
33. Dr. Premachandran Keezhoth
34. Smt. Sona P.
35. Sri. Vijayakumar V
36. Dr. Suresh Kumar K.S.
37. Dr. Shanoj M.P.
38. Sri. Saju P.J.
39. Sri. Sethumadhavan T

40. Sri. Satheesan P.K.
41. Sri. M.P.A. Rahim
42. Sri. T. Prabhakaran
43. Adv. P. Appukuttan
44. Smt. Sisira, Chairman, University Union
45. Sri. Albin Mathew
46. Smt. Asmina Ashraf
47. Sri. Hadeeb Farhan P.V.
48. Sri. Midhun Babu
49. Sri. Mohammed Salih K.M.
50. Sri. Rahul A.P.
51. Sri. Rakesh M.B.
52. Sri. Ramisha C.P.
53. Sri. Suhail Muhammed Khalid

1.001 Dr.Gopinath Ravindran, Vice-Chancellor took the chair and called the meeting to order at 10 am.

The chair explained the order of business of the Senate.

1.002 The chair informed the house that the election of one member to the Syndicate from among the students elected in the Senate will be conducted in the Annual Meeting of the Senate in March 2020.

1.003 Dr. V.P.P. Mustafa, Member, Syndicate moved the following condolence resolution:

"This meeting expresses deep condolence over the demise of teachers, administrative staff of Kannur University and their family members".

The Senate observed silence for one minute as a mark of respect to the departed souls.

## I Questions asked by the Members of the Senate and answers thereto by the Syndicate

Q.No. 1

**Dr.M.Sini**

സർവകലാശാലയിൽ ഡീൻമാരുടെയും, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാരുടെയും കാലാവധി കഴിഞ്ഞ ഒഴിവിലേക്ക് പുതിയ ഡീൻമാരെയും, ബോർഡ്ഓഫ് സ്റ്റഡീസ് ചെയർമാന്മാരെയും സമയോചിതമായി (കാലാവധി തീരുന്ന മുറയ്ക്ക്) നിയമിക്കാറുണ്ടോ? ഇല്ലെങ്കിൽ ഈ കാലയളവിൽ എങ്ങനെയാണു സർവകലാശാല അക്കാഡമിക് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്? ഈ വിഷയത്തിൽ സർവകലാശാല എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്?

**ഉത്തരം:**

**Dr. Wilson V A:** ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനെയും മെമ്പർമാരെയും കാലാവധി തീരുന്ന മുറക്ക് പുനർനിയമനം നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കാറുണ്ട് .72 ബോർഡുകളിൽ 71 ഉം ഇപ്പോൾ നിലവിലുണ്ട് .ബോർഡ് ഓഫ് സ്റ്റഡീസ് എഞ്ചിനീയറിംഗ് പി).ജി( പട്ടിക ചാൻസിലറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ഡീൻമാരുടെ കാലാവധി 07.03.2019 ന് പൂർത്തിയായതിനാൽ പുതിയ ഡീനുമാരെ തിരഞ്ഞെടുക്കുന്നതിനുള്ള ശുപാർശ ചാൻസിലർ അംഗീകരിച്ചിട്ടുണ്ട് .

Q.No. 2

**Sri.Suhail Mohammed Khalid**

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിലവിലുള്ള കോഴ്സുകൾ കൂടാതെ, വരുന്ന അധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നുണ്ടോ? പുതിയ കോഴ്സുകൾക്ക് യൂണിവേഴ്സിറ്റി അപേക്ഷിച്ചിട്ടുണ്ടോ? നിലവിൽ വിദൂര വിദ്യാഭ്യാസത്തിൻെറ സ്ഥിതി എന്താണ്?

**ഉത്തരം:**

**Dr.M.C.Raju** വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് കീഴിൽ നിലവിലുള്ള കോഴ്സുകൾക്ക് പുറമെ പുതിയ കോഴ്സുകൾക്ക് ( BA Hindi, MA Hindi, MA Malayalam, MSc Maths and MCom) അംഗീകാരത്തിനായി അപേക്ഷിക്കാൻ സിൻഡിക്കേറ്റ് തീരുമാനം ഉണ്ടാകുകയും ഇതുപ്രകാരം 31.12.2019 നു യു ജി സി യിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . നിലവിൽ വിദൂര വിദ്യാഭ്യാസ വിഭാഗം സാധാരണ നിലയിൽ പ്രവർത്തിച്ചു വരുന്നു.

1.004 ശ്രീ സുഹൈൽ മുഹമ്മദ് ഖാലിദിൻെറ ഉപചോദ്യത്തിനുത്തരമായി വിദൂരവിദ്യാഭ്യാസ വിഭാഗത്തിലെ കോഴ്സുകളുടെ അംഗീകാരത്തിനായി 31.12.2019 ന് തന്നെ യു ജി സി ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അംഗീകാരം ലഭിക്കുമെന്ന് തന്നെയാണ് പ്രതീക്ഷയെന്നും സിൻറിക്കേറ്റ് അംഗം ശ്രീ എം സി രാജു അഭിപ്രായപ്പെട്ടു.

Q.No. 3
**Dr.Swarupa.R**

കണ്ണൂർ സർവകലാശാല വർഷം തോറും NCC/NSS മികവുകളെ പരിഗണിച്ച് അവാർഡുകൾ നൽകി വന്നിരുന്നു. 2017 -2018 ലെ NSS അവാർഡുകൾ സമ്മാനിച്ചിട്ട് മാസങ്ങൾ പിന്നിട്ടു. NCC അവാർഡുകൾ നൽകാത്തതെന്ത്? 2018-19 ലെ NCC അവാർഡിനായി അപേക്ഷ ക്ഷണിക്കാത്തത് എന്ത് കൊണ്ടാണ്?

**ഉത്തരം:**

**Dr.P.Omana:** എൻ.സി.സി അവാർഡിനുള്ള 2017-18 വർഷത്തെ എൻട്രികൾ സർവകലാശാലയിൽ ലഭിച്ചിട്ടുണ്ട്അവ അവാർഡ് നിർണയത്തിനായി മാറ്റി . .വച്ചിരിക്കുകയാണ്2018-19 ലെ അപേക്ഷകൾ കൂടി ക്ഷണിച്ച് അവാർഡ് നിർണയിച്ച ശേഷം അവാർഡ് ദാനചടങ്ങ് ഒന്നിച്ച് നടത്താനാണ് ഉദ്ദേശിക്കുന്നത്

1.005 ഡോ ആർ കെ ബിജുവിൻെറ ഉപചോദ്യത്തിനുത്തരമായി, 2017–18, 2018=19 അക്കാദമിക വർഷത്തെ എൻ.സി.സി അവാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ഈ അക്കാദമിക് വർഷം തന്നെ പൂർത്തീകരിക്കുന്നതാണെന്ന് സിൻറിക്കേറ്റ് മെമ്പർ ഡോ പി ഓമന മറുപടി പറഞ്ഞു.

Q.No. 4
**Sri.Shanavas.S.M**

സർവകലാശാല ഓരോ സെമസ്റ്റർ പരീക്ഷക്കും വിദ്യാർത്ഥികൾക്ക് പ്രത്യേക മാർക്ക് ലിസ്റ്റ് അനുവദിക്കാതെ മാർക്ക് ലിസ്റ്റിന് വേണ്ട ഫീസ് വാങ്ങിക്കുന്നത് എന്ത് കൊണ്ട്?

**ഉത്തരം:**

**Dr.John Joseph** മാർക്ക് ലിസ്റ്റ് ഓൺലൈനായി ലഭ്യമാക്കുന്നുണ്ട് ഇതിനുപുറമെ വിദ്യാർത്ഥികൾക്ക് കോഴ്സിൻറെ അവസാനം എല്ലാ സെമസ്റ്ററുകളുടെയും മാർക്ക് ലിസ്റ്റ് ഒരുമിച്ച് ലഭ്യമാക്കുന്നുണ്ട് അതിന് പ്രത്യേകമായി .ഫീസ് ഈടാക്കുന്നില്ല.

## Q.No.5
**Sri.Muhammed Salih K.M**

ഡിഗ്രി ഒറിജിനൽ സർട്ടിഫിക്കറ്റിന് വേണ്ടി 2019 ന് മുമ്പ് അപേക്ഷിച്ചവർക്കൊക്കെ സർട്ടിഫിക്കറ്റുകൾ യൂണിവേഴ്സിറ്റി നൽകിയോ? ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് അത് വൈകുന്നത്?

**ഉത്തരം:**

**Dr.K.Ajayakumar** അപാകതകളുള്ള ഏതാനും അപേക്ഷകൾ ഒഴികെ, 2019 നു മുൻപ് അപേക്ഷിച്ച എല്ലാവർക്കും ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്

## Q.No.6
**Sri.Jayakrishnan.T.V**

കണ്ണൂർ സർവകലാശാലക്ക് കീഴിലുള്ള കോളേജുകളിലും പഠനവകുപ്പുകളിലും പഠിക്കുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് UGC , CSIR തുടങ്ങിയ ദേശീയ സമിതികൾ നടത്തുന്ന മത്സരപരീക്ഷകൾ എഴുതുന്നതിനായി സൗജന്യ കോച്ചിങ് ക്ലാസുകൾ സർവകലാശാലയിൽ നടത്തുന്നുണ്ടോ?

**ഉത്തരം:**

**Dr.P.Omana** വിവിധ പഠന വകുപ്പുകളുടെ ആഭിമുഖ്യത്തിൽ മേൽപ്പറഞ്ഞ പരീക്ഷകൾക്ക് സൗജന്യമായും cost share അടിസ്ഥാനത്തിലും പരിശീലനം നൽകി വരാറുണ്ട്.

**1.006** ശ്രീ ജയകൃഷ്ണൻെറ ഉപചോദ്യത്തിനുത്തരമായി മത്സരപരീക്ഷകൾക്കുള്ള പരിശീലന വിവരങ്ങൾ പത്ര-ദ്വാരാ വിദ്യാർത്ഥികളെ അറിയിക്കാറുണ്ടെന്ന് സിൻറിക്കേറ്റ് അംഗം ഡോ ഓമന മറുപടി പറഞ്ഞു.

## Q.No.7
**Sri.Hadeeb Farhan.P.V**

സർവ്വകലാശാല ഓരോ സെമസ്റ്റർ പരീക്ഷക്കും വിദ്യാർത്ഥികൾക്ക് പ്രത്യേക മാർക്ക് ലിസ്റ്റ് അനുവദിക്കാതെ മാർക്ക് ലിസ്റ്റിനു വേണ്ട ഫീസ് വാങ്ങുന്നത് എന്തുകൊണ്ട്

ഉത്തരം:

മാർക്ക് ലിസ്റ്റ് ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമെ വിദ്യാർത്ഥികൾക്ക് കോഴ്സിൻെറ അവസാനം എല്ലാ സെമസ്റ്ററുകളുടേയും മാർക്ക് ലിസ്റ്റ് ഒരുമിച്ച് ലഭ്യമാക്കുന്നുണ്ട്. അതിന് പ്രത്യേകമായി ഫീസ് ഈടാക്കുന്നില്ല.

Q.No.8
**Dr.R.K.Biju**:

മങ്ങാട്ടുപറമ്പ് ക്യാമ്പസ്സിലെ ലിഫ്റ്റ് നിർമ്മാണവുമായി ബന്ധപ്പെട്ടു വേണ്ടത്ര സുരക്ഷാ മുൻകരുതൽ കൈക്കൊള്ളാതെ പിഞ്ചുകുഞ്ഞിന്റെ ദാരുണ മരണത്തിനു ഇടയാക്കിയ കരാറുകാരനെതിരെ നിയമപ്രകാരം സർവകലാശാല എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ബന്ധപ്പെട്ട കുടുംബത്തിന് കരാറുകാരനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി നൽകിയിട്ടുണ്ടോ?

**ഉത്തരം:**

**Dr.V.P.P.Mustafa** നിർമ്മാണ സ്ഥലത്ത് പിഞ്ചു കുഞ്ഞു മരണപ്പെട്ട സംഭവം ദാരുണമാണ്. സംഭവം നടന്ന ഉടൻ ബഹു: വൈസ് ചാൻസിലറും സർവകലാശാലയുടെ മറ്റ് അധികൃതരും അപകടം നടന്ന സ്ഥലത്തും, കുഞ്ഞിൻറെ രക്ഷിതാക്കളുടെ വീട്ടിലും സന്ദർശിക്കുകയും ആവിശ്യമായ തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പോലീസും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവകലാശാല അന്വേഷണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കുടുംബത്തിന് കരാറുകാരനിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനുള്ള ചില ചർച്ച നടത്തിയിട്ടുണ്ട്.

Q.No.9
**Sri.Shanavas.S.M**

കണ്ണൂർ സർവകലാശാലയിലെ ലൈബ്രറി കെട്ടിടത്തിന് ബലക്ഷയം ഉണ്ടെന്ന അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ?

**ഉത്തരം:**

**Dr.V.P.P.Mustafa** ലൈബ്രറി കെട്ടിടം ഘടനാപരമായി അസ്ഥിരമാണെന്ന് അന്വേഷണ സംഘം റിപ്പോർട്ട് ചെയ്തിട്ടില്ല. ചില പരിശോധനകൾ ശുപാർശ ചെയ്യുകയും ഏതാനും അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പരിശോധനകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

<u>സ്വീകരിച്ച നടപടികൾ</u>

(1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, സി പി ഡബ്ല്യൂ ഡി കണ്ണൂർ സെൻട്രൽ ഡിവിഷൻ ചീഫ് ടെക്നിക്കൽ ഓഫീസർ തിരുവനന്തപുരം എന്നിവരോടും സെൻട്രൽ ലൈബ്രറി കെട്ടിടത്തിന്റെ ക്ഷമതയേയും ഘടനാപരമായ സമഗ്രതയേയും കുറിച്ച് വിദഗ്ദ്ധ അഭിപ്രായം തേടിയിട്ടുണ്ട്. എന്നാൽ മറുപടി ലഭ്യമായിട്ടില്ല.

(2) സെൻട്രൽ ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ഉപയോഗിച്ച വസ്തുതകളുടെ (വിട്രിഫൈഡ് ഫ്ലോറിംഗ് ടൈലുകൾ, സ്റ്റെയിൻലെസ് സ്റ്റീൽ, വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കുന്ന ഗ്ലാസ്) സാമ്പിളുകൾ ശേഖരിക്കുന്നതിനും ആവശ്യമായ പരിശോധനകൾ നടത്തുന്നതിനും ജോയിൻറ് ഡയറക്ടർ, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കാര്യവട്ടം, തിരുവനന്തപുരത്തോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. ഭാഗികമായ മറുപടിയും ലഭിച്ചിട്ടുണ്ട്.

Q.No.10
**Dr.Sureshkumar.K.S**

2016 ൽ സിണ്ടിക്കേറ്റ് നിലവിൽ വന്ന ശേഷം എത്ര എയ്ഡഡ് കോളേജ് അധ്യാപകരുടെ നിയമനത്തിന് അംഗീകാരവും തുടർ പ്രമോഷനും നൽകിയിട്ടുണ്ട്? നിലവിൽ

എത്രയെണ്ണം തീർപ്പുകൽപിക്കാൻ ബാക്കിയുണ്ട്? ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് തീർപ്പുകൽപ്പിക്കാൻ സാധിക്കാത്തത്?

**ഉത്തരം:**

**Dr.A. Nisanth** 2016 ൽ സിണ്ടിക്കേറ്റ് നിലവിൽ വന്നശേഷം 110 എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരവും 147 അദ്ധ്യാപകർക്ക് പ്രോമോഷനും നൽകിയിട്ടുണ്ട്.

Q.No.11

**Dr.Joby K.Jose**

കണ്ണൂർ സർവകലാശാലയിൽ ഇപ്പോൾ അക്കാദമിക് കൗൺസിൽ നിലവിലുണ്ടോ? ഉണ്ടെങ്കിൽ 2018-19, 2019-20 അക്കാദമിക് വർഷങ്ങളിൽ അക്കാദമിക് കൗൺസിലിൻറെ എത്രയോഗങ്ങൾ ചേർന്നിട്ടുണ്ട്? അക്കാദമിക് കൗൺസിൽ നിലവിലുണ്ട് എങ്കിൽ എതെല്ലാം മണ്ഡലങ്ങളിൽ എത്ര വീതം ഒഴിവുകളുണ്ട് ഈ ഒഴിവുകൾ നികത്താൻ സർവകലാശാല എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**ഉത്തരം:**

**Dr.Wilson V A** കണ്ണൂർ സർവകലാശാലയിൽ അക്കാദമിക് കൗൺസിൽ നിലവിലുണ്ട്.

2018-19, 2019-20 വർഷങ്ങളിൽ അക്കാദമിക് കൗൺസിൽ യോഗം ചേർന്നിട്ടില്ല . അക്കാദമിക് കൗൺസിലിൽ താഴെ കൊടുത്തിരിക്കുന്ന മണ്ഡലങ്ങളിൽ അംഗങ്ങളുടെ ഒഴിവ് നിലവിലുണ്ട്.

1. **Three members.** (Other than Deans of Faculties) of whom at least one shall be the Principal of a Government Professional College., elected by the Principals of professional Colleges from among themselves.
2. **Seven Members** (Other than Deans of Faculties) of whom at least one shall be the Principal of a Government College., elected by the Principals of the first grade colleges other than colleges of Oriental languages from among themselves
3. **One member** (Other than a Deans of Faculty) elected by the Principals of colleges of Oriental languages from among themselves.
4. **One member** each of each of every subject of study, not being a Dean of Faculty or Head of a University Department or Principal, elected by the teachers of that subject, from among themselves.
5. **One member** from among the Head Master and one member from among the teachers of the secondary schools in the University area nominated by the Chancellor.
6. **One member** representing each faculty, elected by the full-time Post Graduate Students of the Faculty, from among themselves
7. **Seven members** from external experts nominated by the Chancellor of whom two shall be experts in commerce, Business Management or Industrial Technology.

1.007 ഡോ ജോബി കെ ജോസിൻെറ ഉപചോദ്യത്തിനുത്തരമായി അക്കാദമിക് കൗൺസിലിലെ ഒഴിവുള്ള മണ്ഡലങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് സിൻറിക്കേറ്റ് അംഗം ശ്രീ വിൽസൺ വി എ അഭിപ്രായപ്പെട്ടു.

Q.NO.12

**Sri.Jayakrishnan.T.V**

2019–20 വർഷത്തിൽ നടപ്പിലാക്കിയ ബിരുദതല സിലബസ് പരിഷ്കരണം എല്ലാ വിഷയങ്ങളിലും പൂർത്തീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഏത് വിഷയത്തിലാണ് ഇനിയും സിലബസ് പരിഷ്കരണം നടക്കാത്തത്?

**ഉത്തരം:**

**Sri.A.Nisanth** 2019-20 വർഷത്തിൽ നടപ്പിലാക്കിയ ബിരുദതല സിലബസ് പരിഷ്കരണം ബി.എസ്.സി മാത്തമാറ്റിക്സ് (ഓണേഴ്സ്) ഒഴികെ എല്ലാ വിഷയങ്ങളിലും പൂർത്തീകരിച്ചിട്ടുണ്ട്.

1.008 ശ്രീ ജയകൃഷ്ണൻ ടി വി യുടെ ഉപചോദ്യത്തിനുത്തരമായി B.Sc. Mathematics (Honours) ഡിഗ്രിയുടെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ അടുത്ത വർഷം തന്നെ സ്വീകരിക്കുന്നതാണെന്ന് സിൻറിക്കേറ്റ് അംഗം ശ്രീ നിശാന്ത് അറിയിച്ചു.

## Q.NO.13
**Sri.Vijayan.K**

2014 ലെ സിലബസ് പരിഷ്കരണത്തിൻെറ ഭാഗമായി ഗോവിന്ദപൈ മെമ്മോറിയൽ ഗവ. കോളേജിലെ BATTM എന്ന കോഴ്സ് Nomenclature മാറ്റി BTTM എന്നാക്കി മാറ്റിയതിൻെറ യൂണിവേഴ്സിറ്റി ഉത്തരവും നമ്പറും ലഭ്യമാക്കാമോ?

**ഉത്തരം:**

**Dr.V.P.P.Mustafa** സ.ഉ.നം .അക്കാദ് എ 2 / GEN / 2013 തീയ്യതി 26.04.2014 മുഖേന 2014 ലെ സിലബസ് പരിഷ്കരണത്തിൻറെ ഭാഗമായി 2014 Admission മുതൽ അഫിലിയേറ്റഡ് കോളേജുകളിലെ BATTM പ്രോഗ്രാമിൻറെ Nomenclature BTTM എന്നാക്കി പൊതുവായി ഉത്തരവിറക്കിയിട്ടുണ്ട്

## Q.NO.14
**Dr.Premachandran Keezhoth**

എ.കെ.ഗോപാലൻ സെൻറർ ഫോർ കോഓപ്പറേറ്റീവ് എൻറർപ്രൈസസ് & ആൾട്ടർനേറ്റീവ് പൊളിറ്റിക്സിൽ ഗവേഷണത്തിന് വേണ്ടി നിയമിക്കപ്പെട്ട അംഗങ്ങളുടെ നിയമന മാനദണ്ഡമെന്താണ്? പ്രസ്തുത അംഗങ്ങളുടെ നിയമനത്തിൽ സർവകലാശാലക്ക് വന്നിട്ടുള്ള സാമ്പത്തിക ബാദ്ധ്യതയെത്രയാണ്?

**ഉത്തരം:**

Sri.Biju Kandakai എ) .04.06.2019 ലെ പരസ്യ പ്രകാരം അപേക്ഷകൻ സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ദേശീയഅന്തർദേശീയ ജേർണലുകളിൽ / (അഭികാമ്യം) പ്രസിദ്ധീകരണങ്ങൾ നടത്തുകയും ടി വിഷയത്തിൽ മോണോഗ്രാഫ് ഉള്ളവരുമാണ്.

ബി) തിരഞ്ഞെടുക്കപ്പെട്ട വ്യക്തി സഹകരണ മേഖലയുമായി ബന്ധപ്പെട്ടു സമകാലീന രാഷ്ട്രീയ മാറ്റങ്ങൾ സംബന്ധിച്ചു ഒരു വിശദമായ റിപ്പോർട്ട്പ്രബന്ധം / സമർപ്പിക്കുകയും ടി കാലയളവിൽ രണ്ടു വിഷയം സംബന്ധിച്ച് കോൺഫറൻസ് സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

<u>സാമ്പത്തിക ബാധ്യത:</u>

എ. 2018-2019 സാമ്പത്തിക വർഷം- രൂപ 3,14,667/- )2018 നവംബർ മുതൽ 2019 ഫെബ്രുവരി വരെ രണ്ടു സീനിയർ ഫെലോകൾ പ്രതിമാസം - 40,000/- രൂപ നിരക്കിൽ(

ബി .2019-20 സാമ്പത്തിക വർഷം രൂപ -2,50,000/- )2019 ജൂലൈ മുതൽ 2019 നവംബർ വരെ- ഒരു സീനിയർ ഫെലോ - പ്രതിമാസം 50,000/- രൂപ നിരക്കിൽ(

സി .2019 ഡിസംബർ മുതൽ 2020 മാർച്ച് വരെ പ്രതീക്ഷിക്കുന്ന ചെലവ് രൂപ 2,00,000.-/

Q.No.15
**Dr.Sureshkumar.K.S**

സർവകലാശാലാ തലത്തിൽ നടക്കുന്ന വിവിധ പരിപാടികളുടെയും വികസന പ്രവർത്തനങ്ങളുടെയും വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന യൂണിവേഴ്സിറ്റി ന്യൂസ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണം എന്താണ്?

**ഉത്തരം:**

Sri.Biju Kandakai കണ്ണൂർ യൂണിവേഴ്സിറ്റി ന്യൂസ് പുനഃ പ്രസിദ്ധീകരിക്കുന്നതിനായി വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് വൈസ് ചാൻസിലറുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട് കണ്ണൂർ . യൂണിവേഴ്സിറ്റി ന്യൂസ്അച്ചടിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്

Q.No.16
**Dr.Manjula.K.V**

ബിരുദ പ്രവേശനത്തിനു അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ NSS യോഗ്യത ഉള്ളവരാണെങ്കിൽ +2 തലത്തിൽ ലഭിക്കുന്ന ഗ്രേസ് മാർക്കിന് പുറമെ ഇരട്ട അനുകൂല്യമായി വീണ്ടും മാർക്ക് ഡിഗ്രി പ്രവേശനത്തിന് നൽകുന്നുണ്ട്. ഇത് എൻ. എസ്.എസ്. യോഗ്യതയില്ലാത്ത പഠന നിലവാരമുള്ള കുട്ടികളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത് സർവകലാശാലയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

**ഉത്തരം:**

Dr.T.P.Ashraf ഇത്തരം വിഷയം സർവകലാശാലയുടെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

Q.No.17
**Smt.Asmina Ashraf**

റെഗുലർ കോഴ്സുകളെ അപേക്ഷിച്ച് വിദൂര കോഴ്സുകൾക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് Equivalency സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ എന്തെങ്കിലും മാറ്റമുണ്ടോ? ഉണ്ടെങ്കിൽ അത് എന്തുകൊണ്ട്

**ഉത്തരം:**

Dr.T.P.Ashraf ഉണ്ട് .മറ്റ് സർവകലാശാലകളുടെ വിദൂര വിദ്യാഭ്യാസ ബിരുദങ്ങളുടെ തുല്യതയുടെ കാര്യത്തിൽ, 2010 നവംബർ 30 ന് മുമ്പ് പ്രസ്തുത കോഴ്സുകൾക്ക് അഡ്മിഷൻ നേടിയതാണെങ്കിൽ കണ്ണൂർ സർവകലാശാല ) .തുല്യത സർട്ടിഫിക്കറ്റ് അനുവദിക്കുന്നുണ്ട് (അംഗീകരിച്ച ബിരുദമാണെങ്കിൽ അല്ലാത്ത പക്ഷം, അതാത് സർവകലാശാലയുടെ അധികാര പരിധിക്കുള്ളിലാണ് കോഴ്സ് പൂർത്തിയാക്കിയതെന്ന് റെജിസ്ട്രാർ സാക്ഷ്യപ്പെടുത്തി നൽകുന്ന

സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമാണ് തുല്യതയുടെ വിഷയം പരിഗണിക്കുന്നത്.

Q.No.18
**Dr.Manjula.K.V**

പി ജി പ്രവേശനത്തിന് റാങ്ക് പട്ടിക തയ്യാറാക്കുമ്പോഴും പ്രവേശനം നൽകുമ്പോഴും സമുദായികസംവരണം കൃത്യമായി പാലിക്കുന്നുണ്ടോ? സീറ്റ് മെട്രിക്സ് അപേക്ഷകരുടെ ലഭ്യതയനുസരിച്ച് പരിഷ്കരിക്കാറുണ്ടോ?

**ഉത്തരം:**

**Dr.T.P.Ashraf** സാമുദായിക സംവരണം പാലിക്കുന്നുണ്ട്. അപേക്ഷകരുടെ ലഭ്യതയ്ക്കനുസരിച്ച് സീറ്റ് മെട്രിക്സ് പരിഷ്കരിക്കാറില്ല.

1.009 ഡോ മഞ്ജുള കെ വി യുടെ ഉപചോദ്യത്തിനുത്തരമായി ബിരുദാനന്തരബിരുദ പ്രവേശനത്തിൻെറ അവസാന അലോട്ട്മെൻറിനുശേഷം നിയതമായ നിയമമനുസരിച്ച് മാത്രമേ സീറ്റ് കൺവേർഷൻ നടത്താറുള്ളൂ എന്ന് സിൻറിക്കേറ്റ് അംഗം ഡോ ടി പി അഷറഫ് അറിയിച്ചു.

Q.No.19
**Dr.M.Sini**

സർവകലാശാലയിലെ ഏതെങ്കിലും പഠന വകുപ്പുകൾ നിലവിലുള്ള ക്യാമ്പസുകളിൽ നിന്നും മറ്റു ക്യാമ്പസുകളിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ? ഉണ്ട് എങ്കിൽ, ഏതൊക്കെ പഠന വകുപ്പുകൾ ഏതൊക്ക ക്യാമ്പസുകളിലേക്ക് മാറ്റാൻ വേണ്ട തീരുമാനമാണ് എടുത്തിട്ടുള്ളത്? സർവകലാശാല ഏതു രീതിയിലാണ് ഇത്തരം തീരുമാനങ്ങൾ എടുത്തിട്ടുള്ളത്?

**ഉത്തരം:**

**Dr.Wilson V.A.** കണ്ണൂർ സർവ്വകലാശാലയുടെ KIIFB ഫണ്ടിങ്ങുമായി ബന്ധപ്പെട്ട് 05.09.2018 ന് ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ കണ്ണൂർ സർവ്വകലാശാലയുടെ കാമ്പസ്സുകൾ വിഷയാടിസ്ഥാനത്തിൽ പുന: ക്രമീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതുപ്രകാരം 18.09.2018ന് വൈസ് ചാൻസിലറുടെ അധ്യക്ഷതയിൽ താവക്കര ക്യാമ്പസ്സിൽ ചേർന്ന വകുപ്പ് തലവന്മാരുടെ യോഗം എല്ലാ Fine Arts subject ഉം നീലേശ്വരം കാമ്പസ്സിലേക്കും Tribal Sociology, Anthropology, വകുപ്പും മാനന്തവാടിയിലേക്കും Social Science, Sports, Statistics, Mathematics എന്നിവ മാങ്ങാട്ടുപ്പറമ്പിലും Environment Studies പയ്യന്നൂർ കാമ്പസ്സിലേക്കും പുന: ക്രമീകരിക്കുന്നതിന് ശുപാർശ ചെയ്തു. താവക്കര ക്യാമ്പസ്സിലെ സെൻട്രൽ ലൈബ്രറി കെട്ടിടത്തിൻെറ Structural Stabiligy Report കിട്ടിയതിനു ശേഷം MCJ, MBA ഡിപ്പാർട്ടുമെൻറുകൾ ടി കെട്ടിടത്തിലേക്ക് മാറ്റുന്നതിനും യോഗം ശുപാർശ ചെയ്തു. 26.10.2019 ന്ചേർന്ന സർവ്വകലാശാല സിണ്ടിക്കേറ്റ് പ്രസ്തുത ശുപാർശ പരിഗണിക്കുകയും ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് Standing Committee on CRLP & General Affairs നെ ചുമതലപ്പെടുത്തുകയും ചെയ്തു.

വൈസ് ചാൻസിലറുടെ അധ്യക്ഷതയിൽ 03.06.2019ന് താവക്കര കാമ്പസിൽ ചേർന്ന Dept. Of Molecular Biology, Dept. Of Biotechnology & School of Health Sceince വകുപ്പ് തലവന്മാരുടെ യോഗം Dept. Of Music നീലേശ്വരം കാമ്പസ്സിലേക്കും Dept. Of Molecular Biology സർവ്വകലാശാല തലശ്ശേരി കാമ്പസ്സിലേക്കും Environment Studies പയ്യന്നൂർ ക്യാമ്പസ്സിലേക്കും മാറ്റുന്നതിന് ശിപാർശ ചെയ്തു. പ്രസ്തുത മാറ്റം

2019–20 അക്കാദമിക് വർഷത്തിലെ II Semester തുടങ്ങുന്നതിന് മുമ്പ് നടപ്പിൽ വരുത്താനും തീരുമാനിച്ചു. 18.07.2019 ൽ ചേർന്ന സർവ്വകലാശാല സിണ്ടിക്കേറ്റ് ഇനം നമ്പർ 2019.389 ആയി പ്രസ്തുത ശിപാർശ അംഗീകരിച്ചു.

പ്രസ്തുത സിണ്ടിക്കേറ്റ് തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ Dept. Of Music നീലേശ്വരം ക്യാമ്പസ്സിലേക്കും Dept. Of Molecular Biology തലശ്ശേരി ക്യാമ്പസിലേക്കും Dept. Of Environment Studies പയ്യന്നൂർ ക്യാമ്പസിലേക്കും മാറ്റി സ്ഥാപിച്ചു കൊണ്ട് 03.08.2019 ന് സർവ്വകലാശാല ഉത്തരവിറക്കി. എന്നാൽ Dept. Of Music ലെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും പരാതി കണക്കിലെടുത്ത് സിണ്ടിക്കേറ്റ് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ Dept. Of Music ൻെറ മാറ്റം നിർത്തിവെക്കാൻ തീരുമാനിച്ചു. (Item No.2019.533 dated 26.08.2019) അതുപോലെ Dept. Of Molecular Biology യുടെ മാറ്റവുമായി ബന്ധപ്പെട്ട് തദ്ദേശവാസികൾ, നീലേശ്വരം മുൻസിപ്പാലിറ്റി, വിദ്യാർത്ഥി സംഘടനകളുടെ പ്രതിനിധികൾ എന്നിവരുമായി നടത്തിയ ചർച്ചയിൽ ആവശ്യപ്പെട്ടതിൻെറ ഭാഗമായി സർവ്വകലാശാല താൽക്കാലികമായി ഈ മാറ്റം നിർത്തിവെച്ചിരിക്കുകയാണ്.

Q.No.20
**Dr.Jayakumar.P.P**

യൂണിവേഴ്സിറ്റി പരീക്ഷ സംബന്ധമായും ഭരണ പരമായും ബന്ധപ്പെട്ട നിയമങ്ങൾ സംബന്ധിച്ച കൈ പുസ്തകം കണ്ണൂർ സർവകലാശാല ഇറക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് കോളേജുകൾക്ക് വിതരണം ചെയ്തിട്ടുണ്ടോ?

**ഉത്തരം:**

**Dr.K.Ajayakumar** എക്സാം മാന്വൽ തയ്യാറാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു കൊണ്ടിരിക്കുന്നു .പൂർത്തിയാക്കുന്ന മുറയ്ക്ക് കോളേജുകളിൽ ലഭ്യമാക്കുന്നതായിരിക്കും.

Q.No. 21
**Sri.Satheesan.P.K**

സർവകലാശാല ആസ്ഥാനത്ത് എത്തുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ജീവനക്കാർക്കും വ്യത്യസ്ത സമയങ്ങളിലായി കോൺട്രാക്ട് ഗ്യാരേജ് അടിസ്ഥാനത്തിൽ വാഹന ട്രിപ്പ് നടപ്പിൽ വരുത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ യാത്ര പ്രശ്നത്തിന് പരിഹാരം ഉണ്ടാവുമോ?

**ഉത്തരം:**

**Sri.Biju Kandakkai** സർവകലാശാലയിൽ നിലവിൽ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും വാഹന ട്രിപ്പ് സൗകര്യം ഇല്ല.

Q.No.22
**Dr.Swarupa.R**

സർവകലാശാല ബിരുദ/ബിരുദാനന്തര ബിരുദ പ്രായോഗിക പരീക്ഷ/പ്രോജക്റ്റ് മൂല്യനിർണ്ണയം (വിദൂര വിദ്യാഭ്യാസം ഉൾപ്പടെ) നിയോഗിക്കപ്പെടുന്ന അധ്യാപകർക്കുള്ള വേതനം നൽകുന്നതിൽ കാലതാമസം നേരിടാനുള്ള കാരണമെന്ത്?

**ഉത്തരം:**

**Adv.P.Sandosh Kumar** ബിരുദ പരീക്ഷകളുടെ വേതന വിതരണം ഏപ്രിൽ, മെയ് 2019 ഉൾപ്പെടെ മുഴുവനായും നൽകിയിട്ടുണ്ട്. ശേഷിക്കുന്നവ അടിയന്തിരമായി കൊടുത്തു തീർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു വിദൂര വിദ്യാഭ്യാസ പ്രൊജക്റ്റ് . മൂല്യനിർണയ നിരക്ക് പരിഷ്കരിക്കാത്തതിനാൽ ബിരുദ ബിരുദാനന്തര പരീക്ഷകളുടെ വേതനം ഭാഗികമായി മാത്രമേ നല്കാൻ സാധിച്ചിട്ടുള്ളൂ.

## Q.No.23
**Dr.Jayakumar.P.P**

ആറാം UGC ശമ്പള പരിഷ്കരണത്തിൻറെ ഭാഗമായുണ്ടായ ശമ്പള അരിയറിൻറെ നാലാം ഗഡു വിതരണം ചെയ്യുമ്പോൾ തടഞ്ഞുവെച്ച 20% തുകയുമായി ബന്ധപ്പെട്ട് GO(Rt)No..896/2019/H.Edn. Dated, TVM-03/06/2019 .സർക്കാർ ഉത്തരവ് പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ? അതിനായി എന്ത് നടപടി സ്വീകരിച്ചു?

**ഉത്തരം:**

**Adv.P.Sandosh Kumar** യു.ജി.സി. ആറാം ശമ്പള പരിഷ്കരണത്തിന്റെ നാലാം ഗഡു കുടിശ്ശിക തുകയിൽ നിന്ന് സർക്കാർ പിടിച്ചുവെച്ച 20 % തുക നല്കാൻ സർവകലാശാലയുടെ ഭാഗത്തുനിന്നും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി അധ്യാപക സംഘടനാ പ്രതിനിധികളുടെ ഉപസമിതി രൂപീകരിക്കുകയും അവരുടെ ശുപാർശ സിണ്ടിക്കേറ്റ് അംഗീകരിക്കുയും ചെയ്തിട്ടുണ്ട്.

## Q.No.24
**Sri.Hadeeb Farhan.P.V**

കണ്ണൂർ സർവ്വകലാശാലയിലെ ഉന്നത ഭരണ ബോഡിയിലെ സിണ്ടിക്കേറ്റിൽ അംഗമായ ശ്രീ വിൽ സൺ വി എ ഫിസിക്കൽ എജ്യുക്കേഷൻ ഡിപ്പാർട്ട്മെൻറിലേക്ക് യോഗ്യതയില്ലാത്ത വിദ്യാർത്ഥിക്ക് അഡ്മിഷൻ നൽകിയതിനെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ? നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദമാക്കുക?

**ഉത്തരം:**

**Dr.T.P.Ashraf** അന്വേഷണം നടത്തിയിട്ടുണ്ട്. 20.01.2020 ന് ചേർന്ന സിണ്ടിക്കേറ്റ് യോഗത്തിൻറെ 2020.063 നമ്പർ തീരുമാന പ്രകാരം നടപടി ക്രമത്തിൻറെ ഭാഗമായി ബന്ധപ്പെട്ടവരിൽ നിന്നും വിശദീകരണം തേടാൻ തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കുട്ടിയുടെ അഡ്മിഷൻ ഇതിനകം തന്നെ റദ്ദ് ചെയ്തിട്ടുണ്ട്.

## Q.No.25
**Dr.Manjula.K.V**

ഗവേഷണ പ്രബന്ധങ്ങളുടെ മൂല്യനിർണ്ണയം ചെയ്യുന്നതിൽ കാലതാമസം വരുന്നതെന്തുകൊണ്ട്? സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടിക്രമങ്ങൾ സർവകലാശാല സ്വീകരിക്കുന്നുണ്ടോ?

**ഉത്തരം:**

**Dr.Wilson V.A.** പാനൽ ലഭിക്കുന്നതിനുള്ള കാലതാമസവും സമർപ്പിക്കപ്പെടുന്ന പാനലിൽ നിന്ന് ബഹു വൈസ്ൻ ചാൻസിലർ നോമിനേറ്റ് ചെയ്യുന്ന വിധികർത്താക്കളിൽ നിന്ന് സമ്മതപത്രം ലഭിക്കുന്നതിനും സമ്മതപത്രം ലഭ്യമാകുന്ന

മുറയ്ക്ക് പ്രബന്ധങ്ങൾ അയച്ചു കൊടുത്താൽ അവരിൽ നിന്ന് മൂല്യനിർണ്ണയം നടത്തിയതിൻെറ റിപ്പോർട്ട് ലഭിക്കുന്നതിനുമുള്ള കാലതാമസവുമാണ് ഗവേഷണ പ്രബന്ധങ്ങളുടെ മൂല്യനിർണ്ണയത്തിലും അനന്തര നടപടികളിലും കാലതാമസം നേരിടുന്നതിന് കാരണം. സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വിധി കർത്താക്കളുമായി ഇ മെയിൽ വഴിയും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ടു വരുന്നുണ്ട്.

Q.No.26
**Sri.Muhammed Salih.K.M**

2019-20 അധ്യയന വർഷത്തെ UG – PG കോഴ്സുകളിലേക്ക് ഏകജാലകം വഴിയുള്ള പ്രവേശനത്തിൽ നിരവധി അപാകതകൾ സംഭവിച്ചിരുന്നു. ആയത് കൊണ്ട്, വരുന്ന അധ്യയന വർഷത്തെ (2020-21) പ്രവേശന നടപടിയിൽ അപാകതകൾ സംഭവിക്കാതിരിക്കാൻ യൂണിവേഴ്സിറ്റി പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം?

**ഉത്തരം:**

**Dr.T.P.Ashraf** അധ്യയന വർഷത്തെ പി ജി പ്രവേശന സോഫ്റ്റ് വെയറിലെ ഭാഷാ വിഷയങ്ങൾക്ക് വെയ്റ്റേജ് മാർക്ക് കണക്കാക്കുന്നതിൽ വന്ന പ്രശ്നം പ്രസ്തുത അധ്യയനവർഷം തന്നെ അഡ്മിഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിഹരിച്ചിട്ടുണ്ട്.

Q.No.27

**Sri.Satheesan.P.K**

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഗാന്ധിയൻ തത്വങ്ങളും ദർശനങ്ങളും അടങ്ങുന്ന കോഴ്സ് ഏതെങ്കിലും കോളേജിലോ സർവകലാശാല ഡിപ്പാർട്മെൻറിലോ ഉണ്ടോ?

**ഉത്തരം:**

**Sri.Biju Kandakkai** ഇല്ല. ഗാന്ധിയൻ പഠന വിഭാഗം ആരംഭിക്കുന്നത് 20.01.2020 ന് ചേർന്ന സിണ്ടിക്കേറ്റ് യോഗത്തിൻറെ 2020.016 നമ്പർ തീരുമാന പ്രകാരം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്

Q.No. 28
**Smt.Sona.P**

പുതിയ കരിക്കുലം പ്രകാരമുള്ള ലക്ഷ്യങ്ങളെയും OBE യെയും മുൻനിർത്തി സിലബസ് പരിഷ്കരണം നടപ്പിലാക്കുകയും അതിനനുസരിച്ച് പഠനപ്രക്രിയ നവീകരിക്കുകയും ചെയ്തു എങ്കിലും ഈ ലക്ഷ്യങ്ങളിലേക്ക് എത്തുന്ന തരത്തിലല്ല ചോദ്യപേപ്പറുകൾ നിർമിച്ച് കാണുന്നത്. മൂല്യനിർണ്ണയ രീതിയും കരിക്കുലം ലക്ഷ്യങ്ങളെ സാധൂകരിക്കുന്ന തരത്തിലാവണം. ചോദ്യപേപ്പറുകൾ നിർമിക്കുന്നതിലെ ഈ പരിമിതിയെ അതിജീവിക്കാൻ സർവകലാശാല എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

**ഉത്തരം:**

**Dr.V.P.P.Mustafa** മെച്ചപ്പെട്ട കരിക്കുലവും സിലബസ്സും രൂപീകരിക്കപ്പെട്ടതിനനുസരിച്ച് മൂല്യനിർണയ രീതിയിൽ കാലികമായ മാറ്റം വന്നിട്ടുണ്ട്. ചോദ്യബാങ്കും ഓൺലൈൻ ചോദ്യ സമ്പ്രദായവും ഏർപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

Q.No. 29
**Sri.Shanavas.S.M**

കഴിഞ്ഞ ഏതാനും വർഷങ്ങളായി സെമസ്റ്റർ പരീക്ഷ സമയങ്ങളിൽ സ്ക്വാഡിനെ നിയമിക്കുന്നുണ്ട്. വിവിധ കോളേജുകളിൽ നിന്നുള്ള സ്ഥിരാധ്യാപകരാണ് ഈ ജോലിക്കായി നിയമിക്കപ്പെടുന്നത്. നിയമന മാനദണ്ഡം വിശദീകരിക്കാമോ?

**ഉത്തരം:**

**Dr.K.Ajayakumar** പരീക്ഷ ആവശ്യങ്ങൾക്കായി വിവിധ കോളേജുകളിൽ നിന്ന് ലഭിക്കുന്ന അധ്യാപകരുടെ ഇൻഡക്സ് പ്രകാരം പരീക്ഷ കൺട്രോളറുടെ ശുപാർശയിൻ മേൽ വൈസ് ചാൻസിലർ ആണ് പരീക്ഷ സ്ക്വാഡിലെ മെമ്പർമാരെ നിയമിക്കുന്നത്.

Q.No.30
**Sri.Muhammed Salih.K.**

2007 ന് മുമ്പുള്ള B.Tech വിദ്യാർത്ഥികൾക്കു മേഴ്സി ചാൻസ് പരീക്ഷ നടത്തുന്നുണ്ടോ? നിലവിലുള്ള സ്ഥിതി എന്താണ്?

**ഉത്തരം:**

**Dr.John Joseph** അവസാനമായി 2017 ൽ 2007 ന് മുൻപുള്ള സിലബസിലെ വിദ്യാർത്ഥികൾക്ക് എല്ലാ സെമസ്റ്ററുകൾക്കും മേഴ്സി ചാൻസ് പരീക്ഷകൾ നടത്തിയിട്ടുണ്ട്

Q.No.31
**Dr.Shanoj.M.P**

2019 CBCSS (OBE) സിലബസ് പുനഃസംഘടിപ്പിച്ചതിന്റെ ഭാഗമായി പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ യൂണിവേഴ്സിറ്റിക്ക് സ്വന്തമായി പ്രസിദ്ധീകരണ വിഭാഗവും പ്രസ്സും ഇല്ലാത്തതിന്റെ പ്രായോഗിക ബുദ്ധിമുട്ടു ഭാഷാവിഷയങ്ങളുടെ കാര്യത്തിൽ വിശേഷിച്ചും ഏറെയായിരുന്നു. യൂണിവേഴ്സിറ്റിയിൽ പ്രസിദ്ധീകരണ വിഭാഗവും പ്രസ്സും തുടങ്ങുന്ന കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം:**

**Sri.Biju Kandakkai** യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ: PICO B 2/2018.958/ 2019 dated 21/02/2019 പ്രകാരം സർവകലാശാലയിൽ അച്ചടി, പ്രസിദ്ധീകരണ വിഭാഗം സ്ഥാപിക്കാനുള്ള സാധ്യതകൾ അന്വേഷിക്കുന്നതിനായി ഒരു കമ്മിറ്റി (കൺവീനറായി അഡ്വക്കേറ്റ് പി. സന്തോഷ് കുമാർ , അംഗങ്ങളായി ഡോ. വി.പി.പി. മുസ്തഫ , ശ്രീ. ബിജു കണ്ടക്കൈ) രൂപീകരിച്ചിട്ടുണ്ട്.

1.010 ശ്രീ കെ വി ഉണ്ണികൃഷ്ണന്റെ ഉപചോദ്യത്തിനുത്തരമായി ഭാഷാ വിഷയങ്ങളുടെ പുസ്തകങ്ങൾ ഓൺ ലൈനായി ലഭ്യമാക്കുന്നതിന് ചില സാങ്കേതിക തടസ്സങ്ങൾ ഉള്ളതിനാലാണ് അച്ചടി വിഭാഗം സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതെന്ന് സിൻറിക്കേറ്റ് അംഗം ശ്രീ ബിജു കണ്ടക്കൈ അറിയിച്ചു.

1.011 ശ്രീമതി സോന പി യുടെ ഉപചോദ്യത്തിനുത്തരമായി എഴുത്തുകാരിൽ നിന്നും നേരിട്ട് പഠനപ്രവർത്തനത്തിനുള്ള പുസ്തകങ്ങൾ ഉപാധികളൊന്നുമില്ലാതെ ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചു വരികയാണെന്ന് സിൻറിക്കേറ്റ് അംഗം ശ്രീ ബിജു കണ്ടക്കൈ അറിയിച്ചു.

The Senate observed silence for two minutes as a mark of respect to the Father of Nation.

Q.No.32
**Sri.Saju.P.J**

സർവകലാശാല മാങ്ങാട്ടുപറമ്പ ക്യാമ്പസ്സിൽ ലിഫ്റ്റ് നിർമ്മാണത്തിനായി എടുത്ത കുഴിയിൽ ഒരു ജീവനക്കാരിയുടെ മകൻ വീണ് മരിക്കാൻ ഇടയായ സംഭവത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ? ഉണ്ടെങ്കിൽ നിർമ്മാണ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്ന സ്ഥലത്ത് സുരക്ഷാ വലയം തീർക്കുന്നതിൽ അപാകത വരുത്തിയ കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്? നിർമ്മാണ പ്രവർത്തികൾ നടക്കുന്ന സ്ഥലത്ത് സുരക്ഷാ വലയം നിർമ്മിക്കുന്നതിനും ആവശ്യമായ മുൻ കരുതലുകൾ എടുക്കുന്നതിനും എന്തെങ്കിലും നടപടികൾ സർവകലാശാലയുടെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം:**

**Dr.V.P.P.Mustafa** വർക്ക് സൈറ്റിൽ സുരക്ഷാ ക്രമീകരണങ്ങൾ നടത്തിയിരുന്നില്ല എന്ന നിലയിൽ നിഗമനമോ റിപ്പോർട്ടോ ഉണ്ടായിട്ടില്ല.

സർവകലാശാല ഇത് സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു.

1.012 ശ്രീ സാജു പി ജെ യുടെ ഉപചോദ്യത്തിനുത്തരമായി അന്വേഷണ റിപ്പോർട്ട് ഇതുവരെയായി ലഭിച്ചിട്ടില്ല എന്ന് ശ്രീ വി പി പി മുസ്തഫ മറുപടി പറഞ്ഞു.

1.013 The Chair declared the completion of the question hour and informed the House that the remaining questions and their answers would be treated as presented.

Q.No.33
**Sri.Vijayan.K**

സർവകലാശാലക്ക് കീഴിലെ മുഴുവൻ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കും അഡ്മിഷൻ നടത്തുന്ന സമയത്തു തന്നെ ഇൻഷുറൻസ് പരിരക്ഷ നൽകാൻ സാധ്യമാകുമോ?

**ഉത്തരം:**

**Dr.P.Omana** ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നടത്തുന്ന സമയത്ത് ഇൻഷുറൻസ് പരിരക്ഷ, നിലവിൽ സർവകലാശാല തലത്തിൽ നൽകുന്നില്ല.

Q.No.34
**Dr.Joby K Jose**

കണ്ണൂർ സർവകലാശാലയിലെ പഠന വകുപ്പുകളിൽ നടത്തുന്ന MPEd, BPEd, MEd കോഴ്സുകൾക്ക് നിലവിൽ NCTE അംഗീകാരം ഉണ്ടോ? അംഗീകാരം ഇല്ല എങ്കിൽ എത്രനാളായിട്ട് ഈ കോഴ്സുകൾക്ക് അംഗീകാരം ഇല്ല? NCTE അംഗീകാരം ഇല്ലായെങ്കിൽ NCTE അംഗീകാരം ഈ കോഴ്സുകൾക്ക് നേടിയെടുക്കുന്നതിന് വേണ്ടിയുള്ള എന്ത് നടപടികളാണ് സർവകലാശാല സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം:**

**Dr.Wilson V,A.** കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള പഠനവകുപ്പുകളിൽ നടത്തുന്ന എം എ ഡ് , എം 2014 എ ഡ് കോഴ്സുകൾക്ക് എൻ സി ടി ഇ റെഗുലേഷൻ.പി. പ്രകാരം അംഗീകാരം ലഭിക്കുന്നതിന്സർവകലാശാല നിശ്ചിത ഫീസൊടുക്കി 2015-16 അക്കാദമിക വർഷത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു എൻ സി ടി ഇ യുടെ . Visiting Team പ്രസ്തുത സ്ഥാപനങ്ങളിൽ എൻ സി ടി ഇ അംഗീകാരവുമായി ബന്ധപ്പെട്ട് പരിശോധന നടത്തി .School of Physical Education നിൽ പരിശോധന നടത്തിയ NCTE Team, NCTE നിഷ്കർഷിക്കുന്ന സ്ഥിര അധ്യാപകരില്ലെന്ന കാരണത്താൽ സ്ഥാപനത്തിന് Show Course Notice അയച്ചു . കണ്ണൂർ സർവകലാശാല സിൻഡിക് കേറ്റ് ഈ വിഷയം പഠിക്കുന്നതിന് സിൻഡിക്കേറ്റ് മെമ്പർമാർ ഉൾപ്പെട്ട ഒരു ഉപസമിതിയെ നിയോഗിച്ചു .'ടി' സമിതി റിപ്പോർട്ട് സമർപ്പിക്കുന്നതിനിടയിൽ എൻ.സി.ടി.ഇ ന് 26.02.2018Rejection Order അയച്ചുസർവകലാശാല പ .ഠനവകുപ്പുകളിലെ അധ്യാപക തസ്തികകൾ വർധിപ്പിക്കുന്നതിന് സർക്കാരിൻറെ അനുമതി ആവശ്യപ്പെട്ടിട്ടു ണ്ടെന്നും സർക്കാർ സ്ഥിര അധ്യാപക തസ്തികകൾ അനുവദിക്കുന്നതുവരെ താൽക്കാലിക അധ്യാപകരെ വെച്ച ഒഴിവ് നികത്താമെന്ന ഉപസമിതിയുടെ ശുപാർശ സർവകലാശാല സിൻഡിക്കേറ്റ് അംഗീകരിക്കുകയും School of Physical Education-നിൽ NCTE നിഷ്കർഷിക്കുന്ന മാനദണ്ഡപ്രകാരം Contract അധ്യാപകരെ നിയമിക്കുകയും ചെയ്തു. NCTE Rejection Order-ൽ പരാമർശിച്ചിരിക്കുന്ന പ്രകാരം നിശ്ചിത ഫീസൊടുക്കി അപ്പീൽ സന്മാർപ്പിക്കുന്നതിനു വകുപ്പ് തലവന് സർവകലാശാല അനുമതി നൽകി . എന്നാൽNCTE School of Physical Education ൻറെ അപ്പീൽ നിരസിച്ചതയാണ് വകുപ്പ് തലവൻ സർവകലാശാലയെ അറിയിച്ചത്എൻ സി . ടി ഇ നിർദ്ദേശിച്ച പ്രകാരം online appeal സമർപ്പിക്കാൻ ബന്ധപ്പെട്ട Site ൽ login ചെയ്യാൻ പറ്റാത്തതിനാൽ offline ആയാണ് വകുപ്പ് തലവൻ അപ്പീൽ സമർപ്പിച്ചിരുന്നത് എന്നാൽ ഈ കാരണങ്ങളാൽ .തന്നെ NCTE, appeal reject ചെയ്യുകയായിരുന്നു.

സർവകലാശാല സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസിൽ നടത്തുന്ന എം എഡ് കോഴ്സിന്റെ അംഗീകാരവുമായി ബന്ധപ്പെട്ടും എൻ സി ടി ഇ പരിശോധന നടത്തുകയും പിന്നീട് അയക്കുകയുമാണ് ചെയ്തത് പ്രസ്തുത വകുപ്പ് .31.05.2017 നു എൻ.സി.ടി.ഇ യ്ക്ക് online appeal സമർപ്പിച്ചിട്ടുണ്ടെങ്കിലും എൻ.സി.ടി.ഇ യിൽ നിന്ന് അംഗീകാരം സംബന്ധിച്ച ഉത്തരവൊന്നും ലഭിച്ചിട്ടില്ലഎങ്കിലും ടി . സ്ഥാപനം എൻ.സി.ടി.ഇ യുടെ NCTE അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

Q.No.35
**Dr.Sureshkumar.K.S**

ലൈബ്രറി കെട്ടിടത്തിൻെറയും സർവകലാശാല ആസ്ഥാന മന്ദിരത്തിൻെറയും നിർമ്മാണ പ്രവർത്തനത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം:**

ലൈബ്രറി കെട്ടിടത്തിൻെറയും സർവകലാശാല ആസ്ഥാന മന്ദിരത്തിൻെറയും നിർമ്മാണ പ്രവർത്തനത്തിൽ കണ്ടെത്തിയിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിശദമായ മറുപടി ചോദ്യം 9-ൻെറ ഉത്തരത്തിൽ നൽകിയിട്ടുണ്ട്.

Q.No. 36
**Sri.Saju.P.J**

സർവ്വകലാശാല സെൻട്രൽ ലൈബ്രറി കെട്ടിടത്തിലേക്ക് പഠന വകുപ്പുകൾ തുടങ്ങുന്നത് സംബന്ധിച്ച് -

കണ്ണൂർ സർവകലാശാല സിണ്ടിക്കേറ്റ് തീരുമാന പ്രകാരം സെൻട്രൽ ലൈബ്രറി കെട്ടിടത്തിലേക്ക് നിലവിലുള്ള എന്തെങ്കിലും പഠന വകുപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനോ ലൈബ്രറി കെട്ടിടം ആസ്ഥാനമാക്കി പുതുതായി ഏതെങ്കിലും പഠന വകുപ്പുകൾ ആരംഭിക്കുന്നതിനോ ഉള്ള തീരുമാനമോ ആലോചനയോ നടന്നിട്ടുണ്ടോ?

**ഉത്തരം:**

കണ്ണൂർ സർവകലാശാലയുടെ വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വൈസ് ചാൻസിലറുടെ അധ്യക്ഷതയിൽ നടന്ന സർവകലാശാല വകുപ്പ് തലവന്മാരുടെ 18.09.2018 ന് നടന്ന യോഗത്തിൽ സർവകലാശാലയുടെ മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം ഡിപ്പാർട്ട് മെന്റും മാനേജ്മന്റ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റും താവക്കര ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന സെൻട്രൽ ലൈബ്രറി കെട്ടിടത്തിൽ 'ടി' കെട്ടിടത്തിൻറെ Structural Stability report കിട്ടിയതിന് ശേഷം മാറ്റുന്നതിന് ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശ ഉൾകൊണ്ട മിനുട്സ് 26.10.2018ൽ ചേർന്ന സർവകലാശാല സിണ്ടിക്കേറ്റ് 2018.801 നമ്പർ ഇനമായി പരിഗണിക്കുകയും ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് Standing Committee on CRLP & General Affairs നെ ചുമതലപ്പെടുത്തുകയും ചെയ്തു .'ടി' കാര്യം പഠിക്കുന്നതിന് പ്രസ്തുത കമ്മിറ്റിയെ നിയോഗിച്ച് കൊണ്ട് 05.11.2018 ന് സർവകലാശാല ഉത്തരവിറക്കിയിട്ടുണ്ട് .(Acad A 1 / Realignment of University Campuses / 2018 ).

Q.No.37
**Dr.M.Sini**

സർവകലാശാല അധ്യാപകർക്ക് യുജിസി ആറാം ശമ്പള പരിഷ്കരണത്തിൻറെ ഭാഗമായി നൽകിയ നാലാം ഗഡു കുടിശിക തുകയിൽ പൂർണ്ണമായും സർവകലാശാല അധ്യാപകർക്കു ലഭ്യമാക്കിയോ? ഇല്ല എങ്കിൽ നൽകാൻ ബാക്കിയുള്ള തുക അധ്യാപകർക്ക് നൽകാൻ എന്ത് നടപടികളാണ് സർവകലാശാല സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം:**

യു.ജി.സി. ആറാം ശമ്പള പരിഷ്കരണത്തിന്റെ നാലാം ഗഡു കുടിശ്ശിക തുകയിൽ നിന്ന് സർക്കാർ പിടിച്ചുവെച്ച 20 % തുക നല്കാൻ സർവകലാശാലയുടെ ഭാഗത്തുനിന്നും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി അധ്യാപക സംഘടനാ പ്രതിനിധികളുടെ ഉപസമിതി രൂപീകരിക്കുകയും അവരുടെ ശുപാർശ സിണ്ടിക്കേറ്റ് അംഗീകരിക്കുയും ചെയ്തിട്ടുണ്ട്

Q.No.38
**Dr.Ismail Olayikkara**

കെട്ടിക്കിടക്കുന്ന ഗവേഷണ പ്രബന്ധങ്ങൾ മൂല്യനിർണ്ണയം ചെയ്യിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം:**

നിലവിൽ മൂല്യനിർണ്ണയം ചെയ്യിക്കാൻ ഗവേഷണ പ്രബന്ധങ്ങൾ കെട്ടികിടപ്പില്ല.

Q.No.39

**Dr.Shanoj.M.P**

സർവകലാശാല കേന്ദ്രങ്ങളിലേയും കോളേജുകളിലെയും അഡ്മിഷൻ ഏകീകരണം നടത്താനുള്ള സാദ്ധ്യതകൾ സർവകലാശാല പരിഗണിച്ചിട്ടുണ്ടോ? ഒരേ കാലയളവിൽ

സർവകലാശാല കേന്ദ്രങ്ങളിലെയും കോളേജുകളിലെയും അഡ്മിഷൻ ക്രമീകരിക്കാനുള്ള നടപടികൾ സാധ്യമാണോ?

**ഉത്തരം:**

ഏകീകരണം നടത്താനുള്ള ശ്രമം സർവകലാശാലയുടെ പരിഗണനയിലാണ്.

Q.No.40

**Sri.Hadeeb Farhan.P.V**

കണ്ണൂർ സർവ്വകലാശാല വിദൂര വിദ്യാഭ്യാസ കോഴ്സുമായി ബന്ധപ്പെട്ട് അടുത്ത അക്കാദമിക് വർഷം ബിരുദ അഡ്മിഷൻ നടക്കുമോ?

**ഉത്തരം:**

വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് കീഴിൽ അടുത്ത അക്കാദമിക് വർഷവും കോഴ്സുകൾ നടത്തുന്നതിനായി യു.ജി.സി യിൽ നിന്ന് അംഗീകാരം ലഭിക്കുന്നതിനായിട്ടുള്ള അപേക്ഷ 31.12.2019 നു സമർപ്പിച്ചിട്ടുണ്ട്.

Q.No. 41

**Dr.Joby K. Jose**

സർവകലാശാല പഠന വകുപ്പുകളിൽ പഠിപ്പിക്കാൻ യു ജി സി മാനദണ്ഡമനുസരിച്ച് എത്ര അധ്യാപകർ വേണം? ഇതിൽ നിലവിൽ എത്ര സ്ഥിരാധ്യാപകർ ഉണ്ട്? പഠനവകുപ്പുകളിൽ സ്ഥിരാധ്യാപകരെ നിയമിക്കാൻ വേണ്ട എന്തു നടപടികളാണ് സർവകലാശാല സ്വീകരിച്ചിട്ടുള്ളത്? പഠനവകുപ്പുകളിൽ നിലവിലുള്ള അധ്യാപക ഒഴിവുകളിലേക്ക് മുഴുവൻ താൽക്കാലിക അധ്യാപകരെ നിലവിൽ നിയമിച്ചിട്ടുണ്ടോ? ഉണ്ട് എങ്കിൽ എത്ര പേരെ?

**ഉത്തരം:**

യു ജി സി മാനദണ്ഡമനുസരിച്ച് സർവകലാശാലയുടെ ഒരു പഠനവകുപ്പിൽ 7 അദ്ധ്യാപകരാണ് )1-പ്രൊഫസർ, 2-അസോസിയേറ്റ് പ്രൊഫസർ, 4-അസിസ്റ്റൻറ് പ്രൊഫസർ സർവകലാശാലയിൽ നിലവിൽ .വേണ്ടത് (27 പഠനവകുപ്പുകളാണ് ഉള്ളത്ആയതിനാൽ ., ആവശ്യമായ ആകെ അദ്ധ്യാപകരുടെ എണ്ണം 189 (27x7)ആണ് . നിലവിൽ സർവകലാശാലയിൽ അനുവദിച്ച സ്ഥിര അദ്ധ്യാപക തസ്തികകളുടെ എണ്ണം 96 (ഡയറക്ടർ, ഫിസിക്കൽ എഡ്യൂക്കേഷൻ ഉൾപ്പെടെ ഇപ്പോൾ .ആണ് (52 സ്ഥിരം അദ്ധ്യാപകർ ജോലി ചെയ്തുവരുന്നുറിട്ടയർമെൻറ് ഉൾപ്പെടെ . ഒഴിഞ്ഞുകിടക്കുന്ന44 തസ്തികകളിൽ 42 എണ്ണം (ഡയറക്ടർ, ഫിസിക്കൽ എഡ്യൂക്കേഷൻ ഉൾപ്പെടെ വിജ്ഞാപനം (ചെയ്യുകയും അപേക്ഷ സ്വീകരിച്ച് തുടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

താൽക്കാലിക അധ്യാപകരുടെ നിയമനം സംബന്ധിച്ച് -2019-20 അക്കാദമിക് വർഷത്തിൽ 143 തസ്തികകളിൽ അംഗീകൃത സിൻഡിക്കേറ്റ് / സർക്കാർ) (തസ്തികകളടക്കം, ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ ടി എഡ്യൂക്കേഷൻ .ഐ / സെന്ററുകളിൽ ഉൾപ്പെടെ കരാർ അടിസ്ഥാനത്തിലുള്ള നിയമനം നടന്നിട്ടുണ്ട്

Q.No.42

**Sri.Vijayan.K**

മൂല്യനിർണയത്തിനായി റിട്ടയേർഡ് അധ്യാപകരുടെ സേവനം സർവകലാശാല ഉപയോഗിക്കാറുണ്ടോ? നിലവിൽ റിട്ടയേർഡ് അധ്യാപകരുടെ പാനൽ ഉണ്ടോ?

**ഉത്തരം:**

റിട്ടയേർഡ് അധ്യാപകരുടെ സേവനം സർവകലാശാല ചട്ടങ്ങൾക്ക് അനുസൃതമായി ഉപയോഗിക്കാറുണ്ട് .നിലവിൽ റിട്ടയേർഡ് അധ്യാപകരുടെ പാനൽ ഇല്ല.

Q.No.43

**Sri.Satheesan.P.K**

കണ്ണൂർ സർവകലാശാല ഗവ: കോളേജിലെയും എയ്ഡഡ് കോളേജിലെയും ജീവനക്കാരുടെ പരീക്ഷാ വേതനം കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എപ്പോൾ പരിഷ്കരിച്ച് കാലാനുസൃതമായ വർദ്ധനവ് നടപ്പിലാക്കാൻ കഴിയും?

**ഉത്തരം:**

പരിഷ്കരിച്ചിട്ടില്ല .അവസാനമായി പരിഷ്കരിച്ചത് 2012 ൽ ആണ്. പരിഷ്കരിക്കാനുള്ള നടപടികൾ പരിഗണനയിലാണ്.

Q.No.44

**Sri.Sona.P**

ആറാം യുജിസി ശമ്പളപരിഷ്കരണത്തിൻറെ നാലാം ഗഡു കുടിശ്ശികയിൽ നിന്ന് പിടിച്ചുവച്ച 20% തുക അധ്യാപകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർവകലാശാല സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം:**

യു.ജി.സി.ആറാം ശമ്പള പരിഷ്കരണത്തിന്റെ നാലാം ഗഡു കുടിശ്ശിക തുകയിൽ നിന്ന് സർക്കാർ പിടിച്ചുവെച്ച 20 % തുക നല്കാൻ സർവകലാശാലയുടെ ഭാഗത്തുനിന്നും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി അധ്യാപക സംഘടനാ പ്രതിനിധികളുടെ ഉപസമിതി രൂപീകരിക്കുകയും അവരുടെ ശുപാർശ സിണ്ടിക്കേറ്റ് അംഗീകരിക്കുയും ചെയ്തിട്ടുണ്ട്.

Q.No.45

**Sri.Sona.P**

കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിനും മത്സരങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ മേഖലാതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം:**

കലോത്സവ നിയമാവലി പരിഷ്കരിക്കുന്നതിനു പ്രാരംഭ ആലോചന യോഗം നടത്തുകയുണ്ടായി .ചെറിയ ചില മാറ്റങ്ങൾ വരുത്തിയും തെറ്റുകൾ തിരുത്തിയും കലോത്സവ നിയമാവലിയുടെ പുതുക്കിയ കോപ്പി തയ്യാറാക്കിയിട്ടുണ്ട് .സമഗ്രമായ മാറ്റം ഈ വർഷം കലോത്സവ നടത്തിപ്പിനു ശേഷം വരുത്തുവാനുള്ള നടപടികൾ നടത്തിവരുന്നു. ഈ കലോത്സവ കാലത്ത് 7 നിരീക്ഷകരെ കലോത്സവ നടത്തിപ്പ് സംബന്ധിച്ച് പഠിച്ച് വേണ്ട മാറ്റങ്ങൾ നിർദേശിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്

Q.No.46

**Dr.Premachandran Keezhoth**

വൈസ് ചാൻസിലറുടെയും പ്രോ-വൈസ് ചാൻസിലറുടെയും ക്യാമ്പ് ഓഫീസിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ നിയമനം എപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരമാണോ നടത്തിയിരിക്കുന്നത്? പ്രസ്തുത ജീവനക്കാരുടെ നിയമന യോഗ്യതയെന്ത്?

**ഉത്തരം:**

വൈസ് ചാൻസിലറുടെ ക്യാമ്പ് ഓഫീസിൽ ഓഫീസ് അറ്റൻഡൻറ്, സെക്യൂരിറ്റി ഗാർഡ് , പ്രൊ വൈസ് ചാൻസിലറുടെ ക്യാമ്പ് ഓഫീസിൽ ഓഫീസ് അറ്റൻഡൻറ് എന്നീ തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത്. കണ്ണൂർ സർവ്വകലാശാല ഓർഡിനൻസ് പ്രകാരം ഓഫീസ് അറ്റൻഡൻറ്, സെക്യൂരിറ്റി ഗാർഡ് എന്നിവരുടെ നിയമന യോഗ്യത എഴുതാനും വായിക്കാനുമുള്ള കഴിവാണ്. കൂടാതെ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ വിമുക്ത ഭടന്മാർക്ക് മുൻ ഗണന നൽകിയാണ് നിയമിക്കുന്നത്. മേൽ നിയമനങ്ങൾ മേൽ പറഞ്ഞ ചട്ടമനുസരിച്ചാണ് നടത്തിയിട്ടുള്ളത്.

Q.No.47

**Sri.Saju.P.J**

അനദ്ധ്യാപക ജീവനക്കാരുടെ ക്ഷേമ കാര്യം- സ്റ്റാഫ് ക്വാട്ടേഴ്സ് നിർമ്മിക്കുന്നത് സംബന്ധിച്ച് -

പി എസ് സി വഴി കണ്ണൂർ ജില്ലക്ക് പുറത്ത് നിന്നും നിയമനം ലഭിച്ച ജീവനക്കാർ ഭീമമായ വാടക കൊടുത്താണ് താമസത്തിനാവശ്യമായ വസതികൾ കണ്ടെത്തിയിട്ടുള്ളത്. ഇവരുടെ താമസത്തിന് സർവകലാശാല ആസ്ഥാനത്ത് Staff Quarters നിർമ്മിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ സർവകലാശാലയുടെ പദ്ധതികളിൽ ജീവനക്കാരുടെ ക്ഷേമ കാര്യത്തിൽ Staff Quarters നിർമ്മാണം കൂടി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം:**

താവക്കര ക്യാമ്പസ്സിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ച് വരുന്നു.

Q.No.48

**Sri.Vijayakumar.V**

ഹിസ്റ്ററി കോൺഗ്രസിൻെറ മറവിൽ സംഘടന സ്വാതന്ത്ര്യം നിഷേധിക്കുന്ന രീതിയിൽ സർവകലാശാലയിലെ ബോർഡുകളും ബാനറുകളും നോട്ടീസുകളും എടുത്തു മാറ്റിയിട്ടുണ്ടോ?

**ഉത്തരം:**

ഹിസ്റ്ററികോൺഗ്രസ് ഗവർണർ പങ്കെടുക്കുന്ന പരിപാടിയായിരുന്നതിനാൽ സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി താവക്കര ക്യാമ്പസ്സിൽ സ്ഥാപിച്ചിരുന്ന എല്ലാ ബോർഡുകളും നീക്കം ചെയ്തിരുന്നു.

കൂടാതെ സർവകലാശാല പരിസരങ്ങളിൽ ബോർഡുകൾ വയ്ക്കുന്നത് നിരോധിച്ചു കൊണ്ട് നേരത്തെ തന്നെ സിണ്ടിക്കേറ്റ് തീരുമാനമുണ്ടാകുകയും, (2017.932) അത് പ്രകാരം സർവകലാശാല സർക്കുലർ ഇറക്കുകയും ചെയ്തിട്ടിട്ടുണ്ട്.

Q.No. 49

**Smt.Latha.E.S**

Is there any specific criteria followed while allotting marginal increase of seats to colleges?

**ഉത്തരം:**

സിണ്ടിക്കേറ്റ് തീരുമാനിക്കുന്ന മുറയ്ക്ക്, ഫെബ്രുവരി മാർച്ച് മാസത്തിൽ ബിരുദ/ ബിരുദാനന്തര കോഴ്സുകളുടെ സീറ്റുകളുടെ എണ്ണത്തിൽ മാർജിനൽ ഇൻക്രീസ് അനുവദിക്കാനുള്ള അപേക്ഷ ക്ഷണിക്കാറുണ്ട്. ഇതിനായി എയ്ഡഡ്, അൺ എയ്ഡഡ് കോളേജുകൾ കോഴ്സ് ഒന്നിന് 5,000/- രൂപ പ്രകാരം ഫീസടച്ച് അപേക്ഷിക്കണം ഗവൺ മെൻറ്, **IHRD** കോളേജുകൾ പ്രസ്തുത ഫീസ് അടക്കേണ്ടതില്ല.

സിണ്ടിക്കേറ്റ് ഉപസമിതി പ്രസ്തുത അപേക്ഷകൾ പരിശോധിച്ച ശേഷം കോളേജിന്റെ അക്കാദമികഭൗതിക സാഹചര്യങ്ങളുടെയും അതാത് കാലങ്-ങളിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശത്തിന്ടെയും അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടറി പരിധി കടക്കാതെ മാർജിനൽ ഇൻക്രീസ് അനുവദിക്കുന്നു മുൻ വർഷങ്ങളിൽ.20 % ൽ അധികം മാർജിനൽ ഇൻക്രീസ് അനുവദിച്ച ഗവ/എയ്ഡഡ്/**IHRD** കോളേജുകൾക്ക് പ്രസ്തുത സീറ്റ് സാധാരണ നിലനിർത്താറുണ്ട്.

Q.No.50

**Sri.M.P.A Rahim**

കേരള യൂണിവേഴ്സിറ്റീസ് ആക്ട് VIII A ഭേദഗതി ചെയ്ത് സ്വാശ്രയ കോളേജുകളേയും ആക്ടിൽ ഉൾപ്പെടുത്തുന്നതിന് ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഈ കാര്യത്തിൽ യൂണിവേഴ്സിറ്റിയുടെ അഭിപ്രായമെന്ത്?

**ഉത്തരം:**

Kannur University (Amendment) Act 2001 (Act 14 2001) പ്രകാരം കണ്ണൂർ സർവകലാശാല ആക്ടിൽ സ്വാശ്രയ കോളേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്

Q.No. 51

**Dr.Ismail Olayikkara**

സർവ്വകലാശാലയിൽ വിദ്യാർത്ഥി സൗഹൃദസൗകര്യങ്ങൾ എന്തൊക്കെയാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്?

**ഉത്തരം:**

വിദ്യാർത്ഥികൾക്കായി സേവനസൗകര്യങ്ങൾ നൽകുന്നതിനായി വെബ് റൂം, വിദ്യാർത്ഥികൾക്കാവശ്യമുള്ള വിവരങ്ങൾ നൽകുന്നതിനു ഫ്രണ്ട് ഓഫീസ്, ഫീസുകൾ

അടക്കുന്നതിനു ക്യാഷ് കൗണ്ടർ, വിദ്യാർത്ഥികൾക്ക് ഓൺലൈൻ പരാതി സമർപ്പിക്കുന്നതിനായി സർവകലാശാലാ വെബ് സൈറ്റിൽ പോർട്ടൽ, നേരിട്ട് പരാതി നൽകുന്നതിനും പരിഹരിക്കുന്നതിനും വിദ്യാർത്ഥി പരാതി പരിഹാര സമിതി )BASG), നേരിട്ട് ഡിഎസ് ഓഫീസിലെത്.എസ്.തി പരാതി സമർപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ സർവകലാശാലയിൽ നിലവിലുണ്ട്.

ഈ സൗകര്യങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള student amenity centre ൻറെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്

Q.No.52

**Sri.Suhail Muhammed Khalid**

സർവകലാശാല പരീക്ഷയുടെ പുനർ മൂല്യനിർണയത്തിൽ നിശ്ചിത ശതമാനത്തിൽ കൂടുതൽ മാർക്കിൽ വ്യത്യാസം വരികയാണെങ്കിൽ ചട്ടപ്രകാരം വിദ്യാർത്ഥി പുനർമൂല്യനിർണയത്തിനു നൽകിയ തുക തിരിച്ചു നൽകേണ്ടതാണെങ്കിലും തിരിച്ച് നൽകാത്തത് എന്തുകൊണ്ട്?

**ഉത്തരം:**

റീവാലുയേഷൻ റെഗുലേഷൻ പ്രകാരമാണ് ഫീസ് തിരിച്ചു നൽകാത്തത്.

Q.No.53

**Dr.Ismail Olayikkara**

ഡിഗ്രി ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സമയബദ്ധിതമായി ലഭ്യമാക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? കാലതാമസം ഒഴിവാക്കാൻ എത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം:**

ഡിഗ്രി സർട്ടിഫിക്കറ്റുകൾ വേഗത്തിൽ തയ്യാറാക്കാനായി സ്പെഷ്യൽ സെൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട് .കൂടാതെ 2019 അഡ്മിഷൻ മുതൽ സർട്ടിഫിക്കറ്റുകൾ NAD ലേക്ക് അപ് ലോഡ് ചെയ്തു തുടങ്ങിയിട്ടുണ്ട്.

Q.No.54

**Sri.M.P.A Rahim**

സ്വാശ്രയ കോളേജുകൾക്ക് പെർമനൻറ് അഫിലിയേഷൻ നൽകുന്ന നടപടി സ്വീകരിക്കുന്നതിലെ കാലതാമസം എന്ത്? എപ്പോൾ നടപടി സ്വീകരിക്കും?

**ഉത്തരം:**

സർക്കാരിൽ നിന്ന് ഇത് സംബന്ധിച്ച് നയപരമായ ഒരു തീരുമാനവും വന്നിട്ടില്ല.

Q.No.55

**Sri.Jayakrishnan.T.V**

പ്രാക്ടിക്കൽ പരീക്ഷകൾ, വൈവ വോസി പരീക്ഷകൾ എന്നിവ സംബന്ധിച്ച് ജോലി ചെയ്തതിന് അധ്യാപകർക്ക് ലഭിക്കേണ്ട പ്രതിഫലം

മുഴുവനായും നൽകിയിട്ടുണ്ടോ? ഇല്ലെങ്കിൽ ഏത് കാലയളവ് വരെയുള്ളത് നൽകിയിട്ടുണ്ട്?

**ഉത്തരം:**

ഇല്ല 02.07.2017 വരെയുള്ള എല്ലാ ബില്ലുകളിലും അർഹമായ തുക നൽകിയിട്ടുണ്ട്. സ്പെഷ്യൽ സെൽ രൂപീകരിച്ച് ജീവനക്കാരുടെ ലഭ്യത അനുസരിച്ച് തുടർന്നുള്ള പ്രതിഫലം നൽകുന്നതായിരിക്കും.

Q.No.56

**Smt.Asmina Ashraf**

2019 റഗുലേഷൻ പ്രകാരം ബിരുദ വിദ്യാർത്ഥികളുടെ നിരന്തര മൂല്യനിർണ്ണയത്തിൻെറ (Internal Mark) ഭാഗമായുള്ള 10 മാർക്കിൽ 1 മാർക്ക് വേണമെന്നുള്ളത് നിർബന്ധമായി കാണുനു. ഇത് വിദ്യാർത്ഥികൾ പലരീതിയിലും ചൂഷണം ചെയ്യപ്പെടുന്നതിനു കാരണമാവില്ലേ? പുനർമൂല്യനിർണ്ണയത്തിനോ, പിനീട് മാർക്ക് കൂട്ടുവാനോ സാധ്യതയില്ലാത്തതും പ്രയാസമല്ലേ?

**ഉത്തരം:**

2019 റെഗുലേഷൻ പ്രകാരം ബിരുദ വിദ്യാർത്ഥികളുടെ നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായുള്ള %10 മാർക്ക് വേണമെന്നുള്ള നിബന്ധന യൂണിവേഴ്സിറ്റി ഉത്തരവ് നം .അക്കാദ്/സി2/ 429/2017 തിയതി 27.12.2019 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

Q.No.57

**Smt.Asmina Ashraf**

കണ്ണൂർ യൂൺണ്ടവേഴ്സിറ്റിയിൽ പരീക്ഷ പേപ്പർ ചോർച്ച ചോദ്യപേപ്പറിൽ സിലബസിന് പുറത്തുള്ള ചോദ്യങ്ങൾ കടന്നു വരൽ, മുൻ വർഷങ്ങളിലെ ചോദ്യപേപ്പർ ആവർത്തിക്കൽ തുടങ്ങിയ അപാകതകൾ നിരന്തരം സംഭവിക്കാറുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഇല്ലാതാക്കാൻ യൂണിവേഴ്സിറ്റി എന്തെങ്കിലും പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം?

**ഉത്തരം:**

ചോദ്യപേപ്പർ ചോർച്ച ഇതുവരെ ഉണ്ടായിട്ടില്ല. ചോദ്യപേപ്പറുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ള പരാതികൾ പരിഹരിക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

a) ചോദ്യബാങ്ക് രൂപീകരണം.
b) ചോദ്യപേപ്പർ തയ്യാറാക്കുന്നതിനും സ്ക്രൂട്ടിനി ചെയ്യാനും പ്രത്യേക ക്യാമ്പ് നടത്തുന്ന കാര്യം.
c) ചോദ്യപേപ്പർ സമിതി അദ്ധ്യക്ഷന്മാർ ഇത് സംബന്ധിച്ച സൂക്ഷ്മ പരിശോധന നടത്തൽ.

Q.No.58

**Dr.Jayakumar.P.P**

ഗവണ്മെന്റ് കോളേജുകളിൽ യൂണിവേഴ്സിറ്റി ഫീസ് ഉൾപ്പെടെയുള്ള എല്ലാ ഫീസുകളും ഇ-പോസ് മുഖാന്തിരം സ്വീകരിക്കുന്നതിനാൽ ഇ-ട്രഷറി സംവിധാനം മുഖേനയുള്ള ചലാൻ യൂണിവേഴ്സിറ്റി സ്വീകാര്യമാക്കുമോ?

**ഉത്തരം:**

കണ്ണൂർ സർവ്വകലാശാലയിൽ വിവിധ തരം ഫീസുകൾ കളക്ട് എന്ന ഓൺലൈൻ സംവിധാനം വഴി സ്വീകരിച്ചു വരുന്നുണ്ട്. അതുകൊണ്ട് തന്നെ ട്രഷറി മുഖേനെ ഫീസുകൾ സ്വീകരിക്കുന്നതിന് സർവ്വകലാശാലയിൽ നിലവിൽ സംവിധാനങ്ങൾ ഒന്നും തന്നെയില്ല. കൂടാതെ ഇട്രഷറി വഴി പണം സ്വീകരിക്കുന്നതിന് അക്കൗണ്ട് ആവശ്യമാണ്. കണ്ണൂർ സർവ്വകലാശാലക്ക് ട്രഷറിയിൽ അക്കൗണ്ട് നിലവിൽ ഇല്ല. ഇ–ട്രഷറി സംവിധാനം മുഖേനെയുള്ള ചലാൻ സർവ്വകലാശാലയിൽ സ്വീകരിക്കുന്നതിന് ഏതെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കേണ്ടതെന്ന് പഠിക്കേണ്ടതായിട്ടുണ്ട്. ഭാവിയിൽ ഇതിൻെറ സാധ്യത ആരായുന്നതാണ്.

Q.No.59

**Dr.Swarupa.R**

സർവകലാശാല പരീക്ഷകളുടെ ചോദ്യപേപ്പറും ഉത്തര സൂചികയും തയ്യാറാക്കുന്നതിൻെറ നടപടിക്രമങ്ങൾ എന്തൊക്കെയാണ്? ചോദ്യ പേപ്പർ സ്ക്രൂട്ടിനി നടത്താറുണ്ടോ? ചോദ്യപേപ്പർ നൽകുന്നതിനൊപ്പം തന്നെ ഉത്തരസൂചിക നൽകണം എന്നത് നിർബന്ധമല്ലേ?

**ഉത്തരം:**

സർവകലാശാല നിയമാവലി അനുസരിച്ച് രഹസ്യ സ്വഭാവത്തോടെയാണ് ഇത്തരം കാര്യങ്ങൾ ചെയ്തു വരുന്നത് .ചോദ്യപേപ്പർ സ്ക്രൂട്ടിനി ചെയ്യാറുണ്ട്

Q.No.60

**Dr.Shanoj.M.P**

2019 CBCSS (OBE) റെഗുലേഷൻ പ്രകാരം ബിരുദതലത്തിൽ കരിക്കുലം - സിലബസ് പുനഃസംഘാടനവും അനുബന്ധ പ്രക്രിയകളും വിജയകരമായിത്തന്നെ നടപ്പിൽ വന്നിട്ടുണ്ട്. ബിരുദാനന്തര ബിരുദ തലത്തിലെ കരിക്കുലം - സിലബസ് നവീകരണ പ്രവർത്തനങ്ങൾ എത്രത്തോളം പുരോഗമിച്ചിട്ടുണ്ട്?

**ഉത്തരം:**

2020-21 അഡ്മിഷൻ ബിരുദാനന്തര ബിരുദ തലത്തിലെ കരിക്കുലം-സിലബസ് നവീകരണ പ്രവർത്തനങ്ങൾ പ്രാരംഭദശയിലാണ്. ഒന്നാംഘട്ടമായി 19.12.2019 ന് എല്ലാ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്മാരുടെയും, പഠന വകുപ്പ് മേധാവികളുടെയും സംയുക്തയോഗം ചേരുകയും, ജനുവരി 15 നകം എല്ലാ വിഷയങ്ങളുടെയും ബോർഡ് ഓഫ് സ്റ്റഡീസ് യോഗം/ഡിപ്പാർട്ട്മെന്റ് കൗൺസിൽ യോഗം എന്നിവ നടത്തി തുടർ നടപടികൾ കൈക്കൊള്ളുവാൻ തീരുമാനമാവുകയും അതിൻപ്രകാരം യോഗങ്ങൾ നടന്നുവരികയും ചെയ്യുന്നുണ്ട്.

Q.No.61

**Sri. Vijayakumar.V**

സർവകലാശാല ഓർഡിനൻസ്, യുജിസി മാനദണ്ഡങ്ങൾ, സർക്കാർ ഉത്തരവ് എന്നിവ ലംഘിച്ചുകൊണ്ട് സെനറ്റ് മെമ്പർക്ക് അസിസ്റ്റൻറ് ലൈബ്രേറിയൻ തസ്തികയിലേക്ക് പ്രൊമോഷൻ നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം:**

സെനറ്റ് മെമ്പർക്ക് അസിസ്റ്റൻറ് ലൈബ്രേറിയൻ തസ്തികയിലേക്ക് promotion നൽകുന്നതിനുള്ള വ്യവസ്ഥകൾ സർവകലാശാലയിൽ ഇല്ല.

Q.No.62

**Dr.R.K.Biju**

സർവകലാശാല പരീക്ഷയിൽ ചോദ്യപേപ്പറിന് പകരം ഉത്തര സൂചിക നൽകിയ സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദമാക്കുക?

**ഉത്തരം:**

ഇത്തരം വിഷയങ്ങളിൽ സർവകലാശാല അനുശാസിക്കുന്ന നിയമം അനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

Q.No.63

**Dr.R.K.Biju**

30 .10 .2019 ന് കെ പി സി ടി എ മേഖല സെക്രട്ടറി ബഹു.വൈസ്ചാൻസിലർക്ക് നൽകിയ നിവേദന പ്രകാരം അധ്യാപകരുടെ പെൻഡിങ്ങിൽ ഉള്ള പ്രൊമോഷൻ യു ജി സി 2018 റെഗുലേഷൻ പ്രകാരം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദമാക്കുക?.

**ഉത്തരം:**

U.G.C 2018 റഗുലേഷൻ പ്രകാരം പ്രൊമോഷനുവേണ്ടിയുള്ള templates തയ്യാറാക്കി വരികയാണ്.

Q.No.64

**Dr.Premachandran Keezhoth**

സർവകലാശാല സംഘടിപ്പിച്ച ഹിസ്റ്ററി കോൺഗ്രസിന് സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ട് എത്ര? ഇതിന് പുറമെ സർവകലാശാല ഫണ്ടിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ ഫണ്ട് വിനിയോഗം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുക.

**ഉത്തരം:**

സർവ്വകലാശാല സംഘടിപ്പിച്ച ഹിസ്റ്ററി കോൺഗ്രസ്സിന് 20.11.2019 ലെ GO (Rt) No. 2063/2019/H.Edn നമ്പർ ഉത്തരവ് പ്രകാരം 75,00,000/- (എഴുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഇല്ല.

Q.No.65

**Sri.Suhail Muhammed Khalid**

സർവകലാശാല പരീക്ഷയുടെ മോഡറേഷൻ മാർക്ക് മൂല്യനിർണയത്തിനു ശേഷമാണോ നിർണ്ണയിക്കുന്നത്? ഗ്രേസ്മാർക്കിനു അർഹതയുള്ള വിദ്യാർത്ഥികൾക്ക് മോഡറേഷൻ മാർക്കിന് അർഹത ഉണ്ടോ? വിദ്യാർത്ഥികൾക്ക് ഏതൊക്ക വിഷയത്തിനാണ് മോഡറേഷൻ മാർക്കുള്ളതെന്നു തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെ?

**ഉത്തരം:**

അതെ .ഉണ്ട് .15.11.2017 ലെ EP3/4/13070/2016 ഉത്തരവ് പ്രകാരം മോഡറേഷനും 25.09.2019 ലെ DSS/A1/3482/Grace Mark /2019 നമ്പർ ഉത്തരവ് പ്രകാരം ഗ്രേസ് മാർക്കും അനുവദിക്കുന്നു ഈ ഉത്തരവുകൾ പ്രകാരം ഏതൊക്കെ വിഷയത്തിനാണ് മോഡറേഷൻ ലഭിച്ചതെന്ന് വെളിപ്പെടുത്താൻ വ്യവസ്ഥയില്ല.

## II Business brought forward by the Vice-Chancellor and members of the Syndicate

### 1.014 Electing a member from the Senate to the Statutory Finance Committee

The Chair invited nominations from the members of senate. The house suggested two names. Sri. Saju P.J. and Dr. R.K. Biju. Sri Saju P.J. was elected to the Statutory Finance Committee through voting.

### 1.015 Constitution of different Committees of the Senate

The Chair read out the names in the panel given by the Syndicate as the Members of the Committees.

The house accepted the panel unanimously.

1. **Business Advisory Committee:**
    1. Vice-Chancellor (Chairman)
    2. Dr. Jayakumar P.P. (Principal, Govt. College, Peringome)
    3. Sri. K.V. Sumesh (President, Kannur District Panchayath)
    4. Sri. Saju P.J. (Non-teaching Staff of University)
    5. Sri. Albin Mathew (IV Sem MA Economics, People's Co-op. College, Munnad)

2. **Committee on Annual Accounts, Audit Reports and Annual Financial Statements:**
    1. Pro-Vice-Chancellor (Chairman)
    2. Sri. M.P.A. Rahim (Manager, NEST Institute of Humanities and Basic Sciences)
    3. Dr. Joby K Jose (Asst. Professor, Dept. of Statistical Sciences)
    4. Sri. Ismail Olayikkara (Associate Professor in Arabic, Sir Syed College)
    5. Sri. Madhavan Maniyara (President, Cheruvathur Grama Panchayath)
    6. Sri. Jayakrishnan T.V. (Asst. Professor in Zoology, Govt. Brennen College, Thalassery)
    7. Sri. Rakesh M.B. (Ph.D in English, Kannur University Central Library)
    8. Sri. Hadeeb Ferhan P.V. (II Semester MA History, Co-operative Arts & Science College, Madayi)
    9. Dr. Swarupa R (Asst. Professor in Commerce, M.G. College, Iritty)
    10. Convenor, Standing Committee on Finance (Ex-officio Member)

3. **Committee on Annual Report**
    1. Pro-Vice-Chancellor (Chairman)

2. Dr. Dominic Thomas (Principal, SES College, Sreekandapuram)
3. Dr. Premachandran Keezhoth (Asst. Professor in English, Payyannur College)
4. Smt. Shabna T (President, Kottayam Grama Panchayath, Kottayampoyil)
5. Smt. Sona P (Asst. Professor in Malayalam, Payyannur College)
6. Sri. Ramsha C.P. (IV Semester MA Journalism & Mass Communication)
7. Adv. P. Appukuttan (Member, Kerala State Library Council)
8. Convenor, Standing Committee on Staff (Ex-Officio Member)

**4. Committee on amendments to Statute, etc:**

1. Pro-Vice-Chancellor (Chairman)
2. Sri. K.K. Narayanan (President, Motor Transport Employees Union (CITU))
3. Dr. Johny Jose (Principal, Don Bosco College, Angadikadavu)
4. Sri. Vijayan K (Asst. Professor in History, Govt. College, Kasaragod)
5. Sri. Shanavas S.M. (Asst. Professor in Commerce, Sir Syed College, Taliparamba)
6. Sri. Vijayakumar V (Asst. Professor in Commerce, NAS College, Kanhangad)
7. Smt. Aparna S.N. (IV Semester BA English, NIrmalagiri College, Kuthuparamba)

**5. Committee on Assurances:**

1. Vice-Chancellor (Chairman)
2. Sri. K.V. Unnikrishnan ( Principal, Trikaripur Arts & Science College, Trikaripur)
3. Sri. Midhun Babu (VI Semester BCom, Govt. College, Mananthavady)
4. Sri. Rahul A.P. (V Semester BA LLB, Dept. of Law, School of Legal Studies, Thalassery)
5. Sri. Sethumadhavan T (Lab Attender, Govt. College, Mananthavady)

**6. Committee on Private College Staff:**

1. Pro-Vice-Chancellor (Chairman)
2. Dr. M. Sini (Asst. Professor, Dept. of Anthropology, Thalassery Campus)
3. Dr. Manjula K.V. (Asst, Professor in Malayalam, KMM Govt. College for Women's, Kannur )
4. Dr. Shanoj M.P. (Asst. Professor in Malayalam, S.N. College, Thottada)
5. Sri. Satheesan P.K. (LD Clerk, M.G. College, Iritty)
6. Smt. Asmina Ashraf P K (IV Semester MCom, Sir Syed College, Taliparamba)
7. Dr. R.K. Biju (Asst. Professor in Physics, PRNSS College, Mattannur)
8. Dr. Sureshkumar K.S. (Associate Professor in History, NAS College, Padnekat)
9. Smt. Latha E.S. (Associate Professor in English, Co-operative Arts & Science College, Madayi)
10. Convenor, Standing Committee on Staff in Affiliated Colleges (Ex-officio Member)

1.016 Sri. Biju Kandakkai, Member Syndicate moved the following resolution.

ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളെ നിരാകരിക്കുന്ന വിധത്തിൽ 1955 ലെ പൗരത്വ നിയമത്തിൽ ഭേദഗതി കൊണ്ടു വന്ന് മത നിരപേക്ഷ ഇന്ത്യയെ മതാധിഷ്ഠിത രാജ്യമാക്കി മാറ്റാൻ വേണ്ടി കേന്ദ്ര സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കെതിരെയും, ഇതിനെതിരെ പ്രക്ഷോഭം നടത്തിയ രാജ്യത്തെ വിവിധ സർവ്വകലാശാലകളിലേയും കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് നേരെ പോലീസിൻേറയും സംഘപരിവാറിൻേറയും നേതൃത്വത്തിൽ നടത്തിയ ആക്രമങ്ങൾക്കെതിരെയും പ്രതിഷേധിക്കുകയും, ഈ കരിനിയമം റദ്ദാക്കണമെന്നും വിദ്യാർത്ഥികൾക്കെതിരെയെടുത്ത കള്ളക്കേസുകൾ പിൻ വലിക്കണമെന്നും കണ്ണൂർ സർവ്വകലാശാലയുടെ ഈ സെനറ്റ് യോഗം പ്രമേയത്തിലൂടെ കേന്ദ്ര സർക്കാറിനോടാവശ്യപ്പെടുന്നു.

1.017 The chair announced that discussions on this motion will be done later.

# III Business brought forward by the Members of the Senate:

## Resolution No. 1

Dr.Premachandran Keezhoth moved the resolution

As per Kannur University Statute Part B, item No. 26 (3)

"The leave sanctioned by the educational Agency shall be promptly entered in the service book of the teacher concerned as and when sanctioned. The Manager shall attest the entries made in the service book". In the case of Non Teaching Staff at colleges 53 (6) "The Principal shall be the attesting officer". It is requested that the same condition may be applicable to teaching staff also and make amendments in the Statute.

1.018 Dr.R.K. Biju seconded the resolution.

1.019 Sri. Ferold Xavier, Secretary to Govt., Finance Department suggested that as the matter is under the purview of KER/KSSR the matter may be placed before the Syndicate and shall be presented before the Govt. with the recommendations of the Syndicate. The Chair also agreed to this.

1.020 Sri. A. Nisanth also participated in the discussion.

1.021 The Senate passed the resolution

## Resolution No.2

Sri.Vijayan.K moved the resolution

മഞ്ചേശ്വരം ഗോവിന്ദപൈ ഗവ. കോളേജിൽ 1999 മുതൽ ആരംഭിച്ച ഒരു കോഴ്സാണ് BA TTM. ഈ കോഴ്സിന്റെ complementary കോഴ്സുകൾ History യും Geography യും ആണ്. അതുപോലെ ഭാഷാവിഷയങ്ങൾ ഒന്നും രണ്ടും വർഷങ്ങളിൽ പഠിക്കുന്ന വിധമാണ് കോഴ്സ് ഡിസൈൻ ചെയ്തതും അതിനനുസരിച്ചുള്ള അദ്ധ്യാപക തസ്തികകളാണ് ഗവണ്മെന്റ് അനുവദിച്ചിരുന്നത്.എന്നാൽ 2014 ലെ സിലബസ് പരിഷ്കരണത്തിന്റെ ഭാഗമായി BA TTM എന്ന nomenclature BTTM എന്നാക്കി മാറ്റുകയും ഭാഷാവിഷയങ്ങൾ ഒന്നാം വർഷമാക്കി മാറ്റുകയും complementary course കളുടെ കോഴ്സ് കോഡുകൾ HIS,GEO എന്നുള്ളത് TTM എന്ന കോഡിലേക്കു മാറ്റുകയും ചെയ്തു. Complementary course കളുടെ സിലബസ്, മൂല്യനിർണ്ണയം എന്നിവ TTM അധ്യാപകരുടെ ചുമതലകളായി മാറുകയും ചെയ്തു. പുതിയ സമ്പ്രദായം മൂലം ഭാഷാദ്ധ്യാപകരുടെ workload കുറയുകയും അദ്ധ്യാപക തസ്തികകൾ നഷ്ടപ്പെടുന്നതിനും കാരണമായി. ഈ മാറ്റം History, Geography എന്നീ അദ്ധ്യാപക തസ്തികകളുടെ നിലനില്പിനും ഭീഷണിയായി മാറിയിട്ടുണ്ട്.യൂണിവേഴ്സിറ്റി ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് അധ്യാപക തസ്തികകൾ നഷ്ടപ്പെടാതിരിക്കാൻ ഗവണ്മെൻറിൽ ആവശ്യമായ ഇടപെടലുകൾ നടത്തി കോഴ്സിന്റെ കാര്യത്തിൽ വ്യക്തതയുണ്ടാക്കുകയും വേണമെന്ന് അറിയിക്കുന്നു.

1.022 Adv.P.Appukuttan seconded the resolution.

1.023 The Senate passed the resolution.

## Resolution No. 3

Dr.Manjula.K V moved the resolution

സർക്കാർ കോളേജ് അധ്യാപകർ നിരന്തരം സ്ഥലംമാറ്റത്തിന് വിധേയമാകുന്നതുകൊണ്ട് തന്നെ സർവകലാശാലയുടെ പരിധിക്ക് പുറത്തുള്ള കോളേജുകളിലേക്ക് സ്ഥലം മാറ്റം ചെയ്യപ്പെടുന്നവരുടെ ഗൈഡ് ഷിപ്പ് റദ്ദു ചെയ്യപ്പെടാതെ നിലനിർത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

1.024 Dr.Jayakrishnan T.V. seconded the resolution.

1.025 The Senate passed the resolution.

## Resolution No. 4

Dr.Sureshkumar.K.S . moved the resolution

മലബാർ മേഖലയിലെ സാമൂഹ്യ സാംസ്കാരിക രംഗത്തിൻെറ പാരമ്പര്യം വളരെ സമ്പന്നമാണ്. ഈ മേഖലയെ വിഷയമാക്കിയ പഠനപ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന തരത്തിലുള്ള ഗവേഷണ പാക്കേജ് തുടങ്ങാനുള്ള സാധ്യതകൾ പരിശോധിക്കണമെന്നും അനുകൂലനടപടികൾ സ്വീകരിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.026 Sri.Albin Mathew seconded the resolution.

1.027 The Senate passed the resolution

## Resolution No. 5

Dr.Premachandran Keezhoth moved the resolution

As per Kannur University Statute Part 24 Increment (4) “when a teacher working in an aided or Government school within the State of Kerala takes up appointment to a higher post in a college run by an educational agency or a teacher working in a particular educational agency takes up appointment to a higher post.

As per Calicut University Statute 23 (4) Chapter 2 of Calicut University Statute 1979.

“ When a teacher working in a college under particular educational agency takes up appointment to a higher, lower or to an identical post in a college run by different educational agency, his pay on such appointment shall be fixed at his pay in the previous appointment if it represents a stage in the new appointment or at the lower stage if it is not a stage in the new appointment and the difference being treated as personal pay to be absorbed from future increase of pay. The condition in the Calicut University Statute as higher, lower or an identical post run by…’ may be amended to Kannur University Statute also and issue proper orders.

1.028 Sri. Vijayakumar V seconded the resolution.

1.029 The Chair suggested that no amendment is needed in the Statute, as these are in the 2018 regulations of UGC.

1.030 Dr.Joby K Jose suggested that pay protection should be given to the teachers from colleges who take appointment to lower posts in University Depts.

1.031 Dr. R.K. Biju suggested that salary protection should be given to private college teachers also.

1.032 The Chair suggested to place the matter before the Standing Committee of the Syndicate on Staff in Affiliated Colleges.

1.033 The Senate passed the resolution.

## Resolution No. 6

Dr.Shanoj.M.P moved the resolution

കോളേജ് തലത്തിലുള്ള IQAC കളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ മാർഗനിർദേശം നൽകാൻ സർവകലാശാലാതലത്തിൽ ഒരു ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയെ നിയോഗിക്കണമെന്നും കോളേജ് IQAC പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ക്രിയാത്മക നിർദേശങ്ങൾ നൽകാൻ കഴിയുന്ന തരത്തിലാകണം ഈ കമ്മിറ്റിയെ സജ്ജമാക്കേണ്ടത് എന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.034 Dr.Ismail Olayikkara seconded the resolution.

1.035 Sri. A Nisanth opined that there is a State Level Committee constituted for the purpose with teachers representatives.

1.036 Dr.Sureshkumar K.S. and Dr. R.K. Biju participated in the discussion.

1.037 The Senate passed the resolution

## Resolution No. 7

Sri. Saju. P.J moved the resolution

ജീവന കാര്യം: പെൻഷൻ സേവന വ്യവസ്ഥകൾ – സ്റ്റാറ്റ്യൂട്ടറി പെൻഷ സമ്പ്രദായം പുന:സ്ഥാപിക്കുക

സർവ്വകലാശാല സർവ്വീസിലേക്ക് 1.4.2013 തീയ്യതിക്കു ശേഷം പി എസ് സി മുഖേനയും യൂണിവേഴ്സിറ്റി വഴിയും നിയമനം ലഭിച്ച എല്ലാ വിഭാഗം ജീവനക്കാർക്കുമുള്ള എൻ പി എസ് കോൺ ട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായം അവസാനിപ്പിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായം പുന:സ്ഥാപിക്കുന്നതിനുള്ള തീരുമാനം വേഗത്തിൽ നടപ്പിലാക്കണമെന്ന് കേരള സർക്കാറിനോട് അഭ്യർത്ഥിക്കുന്നു

1.038 Dr.Joby K Jose seconded the resolution.

1.039 Sri. Ferold Xavier, Secretary to Govt. (Finance) informed the house that Government has constituted a committee to study the matter.

1.040 The Senate passed the resolution.

## Resolution No. 8

Dr.Sureshkumar.K.S . moved the resolution

ഗവേഷകർക്ക് ആവശ്യാനുസരണം ഗവേഷണമാർഗദർശികളെ ലഭ്യമാവാത്ത അവസ്ഥ സർവകലാശാലയുടെ ഗവേഷണരംഗത്തെ ദുർബലപ്പെടുത്തുന്നുണ്ട്. എയിഡഡ് കോളേജുകളുടെ സാധ്യതകൾ പരിഗണിച്ച് കൂടുതൽ ഗവേഷണകേന്ദ്രങ്ങൾ അനുവദിക്കണമെന്നും യോഗ്യതയുള്ള അധ്യാപകർക്ക് ഗൈഡ്ഷിപ്പ് അനുവദിച്ച് ഗവേഷണരംഗത്തെ സാധ്യത വർധിപ്പിക്കണമെന്നും ഗവേഷകർക്ക് കൂടുതൽ സൗകര്യപ്രദമാവുന്ന വിധത്തിൽ ഏപ്രിൽ-മെയ് മാസങ്ങൾ കൂടി ഉൾപ്പെടുത്തി കോഴ്സുവർക്ക് കാലം ക്രമീകരിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

.

1.041 Smt. Sona P. seconded the resolution.

1.042 കോഴ്സ് വർക്കിൻെറ കാലയളവിൽ അറ്റൻറൻസ് നിർബന്ധമല്ലാത്ത രീതിയിലാക്കി റിസർച്ച് സ്കോളേഴ്സിനെ സഹായിക്കണമെന്ന് ശ്രീ രാകേഷ് അഭിപ്രായപ്പെട്ടു.

1.043 സർവ്വകലാശാല മുൻകാലങ്ങളിൽ നടത്തിയിരുന്നതുപോലെ ഡിസംബർ 1 ന് കോഴ്സ് വർക്ക് ആരംഭിച്ച് മെയ് 30 ന് തീരുന്ന രീതിയിൽ ആക്കണം, കൂടാതെ അവർക്ക് പരീക്ഷാ ജോലികളിൽ നിന്നും ഇളവ് നൽകി കൊണ്ട് കോഴ്സ് വർക്ക് പൂർത്തിയാക്കാൻ സഹായിക്കുന്ന രീതിയിൽ ആയിരിക്കണം കോഴ്സ് വർക്കിൻെറ കാലാവധി എന്ന് ഡോ ജോബി കെ ജോസ് അഭിപ്രായപ്പെട്ടു.

1.044 ശ്രീ വിജയൻ കെ, ഡോ ആർ കെ ബിജു എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

1.045 സെനറ്റ് പ്രമേയം അംഗീകരിച്ചു.

## Resolution No. 9

**Dr.Sureshkumar.K.S** . moved the resolution

സ്വാതന്ത്ര്യസമരത്തിൽ കാർഷികസമരങ്ങളുടെ പ്രാധാന്യം തെളിയിച്ച ഭൂപ്രദേശമെന്ന നിലയിൽ സമരചരിത്രവും കണ്ണൂരിൻെറ രാഷ്ട്രീയ പാരമ്പര്യത്തെക്കുറിച്ചുള്ള അറിവുകളും നാടോടിവിജ്ഞാനപരമായ സാംസ്കാരികപരിസര വും ജനകീയമായിപങ്കുവെയ്ക്കാനുതകുന്ന സാംസ്കാരിക നാടൻകലാ പഠനവിഭാഗം ഒരു ചെയർ എന്ന നിലയിൽ ആരംഭിക്കുന്നതിന്ന് യൂണിവേഴ്സിറ്റി മുൻ ഗണന നൽകണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.046 Sri.Vijayan K. seconded the resolution.

1.047 The Senate passed the resolution

## Resolution No.10

Sri.M.P.A Rahim moved the resolution

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ അക്കാദമിക് ഉൾപ്പടെയുള്ള ദൈനംദിന കാര്യങ്ങൾ സ്റ്റാഫിൻെറ അഭാവം മൂലം അവതാളത്തിലാവുകയാണ്. സ്വാശ്രയ കോളേജുകളെ സാരമായി ഇത് ബാധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തി ഒഴിവുള്ള സ്റ്റാഫ് നിയമനം ത്വരിതഗതിയിലാക്കണമെന്ന് കേരള സർക്കാരിനോട് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു.

1.048 Sri.K.V. Unnikrishnan seconded the resolution.

1.049 നിലവിലുള്ള ഒഴിവുകളെല്ലാം നികത്തപ്പെട്ടിട്ടുണ്ടെന്നും സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് കൂടുതൽ പോസ്റ്റുകൾ വേണമെന്നത് ഒരു പുതിയ പ്രമേയമായി അടുത്ത സെനറ്റ് യോഗത്തിൽ അവതരിപ്പിക്കപ്പെടാവുന്നതാണെന്നും ശ്രീ ബിജു കണ്ടക്കൈ അഭിപ്രായപ്പെട്ടു.

1.050 ശ്രീ ജോബി ജോസ് ചർച്ചയിൽ പങ്കെടുത്തു.

1.051 വിഷയം സിൻറിക്കേറ്റിൽ ചർച്ച ചെയ്യാമെന്ന് ചെയർ അഭിപ്രായപ്പെട്ടു.

1.052 സെനറ്റ് പ്രമേയം അംഗീകരിച്ചു.

## Resolution No.11

Dr.Manjula.K.V moved the resolution

സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന റിസൾട്ട് സ്റ്റാറ്റിസ്റ്റിക്സ് റീവാല്യൂവേഷൻ റിസൾട്ട് കൂടി ഉൾപ്പെടുത്തി സമയബന്ധിതമായി പുനക്രമീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.053 Sri. Jayakrishnan T.V. seconded the resolution.

1.054 സെമസ്റ്റർ വൈസ് റിസൾട്ട് കോളേജ് അധ്യാപകർക്ക് ലഭിക്കുന്നില്ലെന്നും റിസൾട്ടുകൾ വരുന്ന മുറക്ക് ആയവ college portal ൽ ലഭ്യമാക്കണമെന്നും ഡോ ആർ കെ ബിജു അഭിപ്രായപ്പെട്ടു.

1.055 സെനറ്റ് പ്രമേയം അംഗീകരിച്ചു.

## Resolution No.12

Dr.Ismail Olayikkara moved the resolution

അക്കാദമിക് കൌൺസിൽ അടിയന്തിരമായി പുനഃസംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.056 Dr.Suresh Kumar seconded the resolution.

1.057 The Senate passed the resolution.

## Resolution No.13

Dr.Shanoj.M.P moved the resolution

യൂണിവേഴ്സിറ്റിക്ക് കീഴിൽ പുതിയ അൺ എയിഡഡ് കോളേജുകളോ കോഴ്സുകളോ അനുവദിക്കരുത്. ഈ വിഷയത്തിൽ ജാഗ്രതയോടെയുള്ള ഇടപെടൽ നടത്തി യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്ന് തീരുമാനമുണ്ടാവണമെന്നും എയിഡഡ് കോളേജുകളിൽ പുതുതായി അൺ എയിഡഡ് കോഴ്സുകൾ തുടങ്ങാതിരിക്കാനും നേരത്തെ തുടങ്ങിയ കോഴ്സുകൾ സമയബന്ധിതമായി നിർത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.058 Smt. Sona P seconded the resolution.

1.059 ഡോ കെ വി ഉണ്ണികൃഷ്ണൻ, രാകേഷ് എം ബി, ഡോ ഡൊമനിക് തോമസ്, ഡോ വി പി പി മുസ്തഫ, സതീശൻ പി കെ എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തി. ഗവൺമെൻറ് കോളേജുകളിലും ഏയ്ഡഡ് കോളേജുകളിലും പരിമിതമായ സീറ്റുകൾ മാത്രം നിലനിൽക്കെ ഉത്തര മലബാറിൻെറ വിദ്യാഭ്യാസ പുരോഗതിയെ സഹായിക്കുന്ന അൺ എയ്ഡഡ് കോളേജുകൾ നിലനിർത്തപ്പെടേണ്ടതാണ്.

1.060 സ്വയംഭരണ സ്ഥാപനമാണെങ്കിലും ഇത്തരത്തിലുള്ള കാര്യങ്ങളിൽ സർവ്വകലാശാലയുടെ തീരുമാനങ്ങൾ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലായിരിക്കുമെന്ന് ഡോ ജോൺ ജോസഫ് അഭിപ്രായപ്പെട്ടു.

1.061 വിദ്യാഭ്യാസ മേഖലയിൽ അൺ എയിഡഡ് കോളേജുകൾ നൽകുന്ന സംഭാവനകൾ കുറച്ചു കാണുന്നില്ലെന്നും അൺ എയിഡഡ് കോളേജുകളിലെ അടിസ്ഥാന സൗകര്യവും ഗുണനിലവാരവും വർദ്ധിപ്പിക്കാനാണ് പ്രമേയം അവതരിപ്പിച്ചതെന്നും ഡോ ഷനോജ് എം പി അഭിപ്രായപ്പെട്ടു.

1.062 ഭേദഗതി വരുത്തിയ പ്രമേയം "എയ്ഡഡ് കോളേജുകളിൽ നടന്നു വരുന്ന അൺ എയിഡഡ് കോഴ്സ് സ്മയബദ്ധിതമായി പുന:ക്രമീകരിക്കാനും പുതിയ അൺ എയിഡഡ് കോ ഴ്സുകൾ അനുവദിക്കാതിരിക്കാനും ശ്രദ്ധ ചെലുത്തണം".

1.063 ഭേദഗതി വരുത്തിയ പ്രമേയം സെനറ്റ് പാസ്സാക്കി.

## Resolution No.14

Smt.Sona.P moved the resolution

സർവകലാശാലകളുടെ സ്വയം ഭരണാവകാശം ഇല്ലായ്മ ചെയ്യുകയും നിലവിലുള്ള കോളേജുകളുടെ അഫിലിയേഷൻ 2032 ഓടെ നിർത്തലാക്കുകയും ചെയ്യുന്ന തരത്തിൽ കേന്ദ്രസർക്കാർ ദേശീയ വിദ്യഭ്യാസനയം നടപ്പിലാക്കാൻ പോവുകയാണു. ഇതിനെ പ്രതിരോധിക്കാനുള്ള നടപടികൾ സർവകലാശാല ആവിഷ്കരിക്കണമെന്നു ഈ പ്രമേയം ആവശ്യപ്പെടുന്നു.

1.064 Dr. M.P. Shanoj seconded the resolution.

1.065 എം പി എ റഹിം ചർച്ചയിൽ പങ്കെടുത്തു.

1.066 സെനറ്റ് പ്രമേയം അംഗീകരിച്ചു.

## Resolution No.15

Dr.Joby K Jose moved the resolution

കണ്ണൂർ സർവകലാശാലയിലെ പഠന വകുപ്പുകളിൽ യു ജി സി മാനദണ്ഡമനുസരിച്ച് ആവശ്യമുള്ള സ്ഥിരം അദ്ധ്യാപകരെ നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെടുന്നു.

1.067 Sri. Saju P.J. seconded the resolution.

1.068 The Senate passed the resolution.

## Resolution No.16

Sri.Jayakrishnan.T.V moved the resolution

നിലവിൽ കാലാവധി അവസാനിച്ച മാത്തമാറ്റിക്സ്(Honours)(UG) പഠനബോർഡ് പുനഃസംഘടിപ്പിക്കണമെന്നും ബി എസ് സി മാത്തമാറ്റിക്സ്(Honours) കോഴ്സിൻെറ സിലബസ് പരിഷ്കരിച്ച് 2020-21 അധ്യയനവർഷം മുതൽ നടപ്പിലാക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.069 Dr. Manjula K V. seconded the resolution.

1.070 The senate passed the resolution.

## Resolution No.17

Sri.Jayakrishnan.T.V moved the resolution

ബിരുദ ബിരുദാനന്തര പ്രവേശനത്തിനുള്ള ഏകജാലക സംവിധാനത്തിനുപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ന്യൂനതകൾ പരിഹരിച്ച് കുറ്റമറ്റതാക്കണമെന്നും വിദ്യാർത്ഥികൾക്ക് ബിരുദതലത്തിൽ അപേക്ഷിക്കുന്നത്തിനുള്ള പരമാവധി ഓപ്ഷനുകൾ 20ൽ നിന്നും 40 ആക്കി ഉയർത്തണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.071 Dr. Jayakumar seconded the resolution.

1.072 The senate passed the resolution.

## Resolution No.18

Sri.Suhail Muhammed Khalid moved the resolution

ഉറുദു ഭാഷാ പഠനത്തിനു യാതൊരു സൗകര്യങ്ങളോ പ്രോത്സാഹനമോ കണ്ണൂർ സർവകലാശാലയിൽ നിന്നു ഉണ്ടാവുന്നില്ല. ആവശ്യമായ ബിരുദ ബിരുദാനന്തര അനുബന്ധ കോഴ്സുകളും സൗകര്യങ്ങളും അനുവദിക്കണമെന്നു പ്രമേയം ആവശ്യപ്പെടുന്നു.

1.073 Vijayakumar.V. seconded the resolution.

1.074 The senate passed the resolution.

## Resolution No.19

Sri.Satheesan.P.K moved the resolution

കണ്ണൂർ സർവകലാശാല സെനറ്റിൽ എയിഡഡ് കോളേജ് ജീവനക്കാരുടെ പ്രതിനിധിയായി ഒരാളെ മാത്രമേ സെനറ്റ് തെരഞ്ഞെടുപ്പിനും ഇറക്കിയ നോട്ടിഫിക്കേഷനിൽ ഒഴിവ് കാണിച്ചിട്ടുള്ളത്. മറ്റ് സർവകലാശാലകളിൽ എയിഡഡ് കോളേജ് പ്രതിനിധിയായി രണ്ട് പേരെ തെരഞ്ഞെടുക്കുന്നുണ്ട്. ഈ അപാകത പരിഹരിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ പ്രതിനിധിയായി 10 പേരും, എയിഡഡ് കോളേജ് അധ്യാപകരുടെ പ്രതിനിധിയായി 10 പേരും സെനറ്റിൽ അംഗങ്ങളാണ്. ആയതിനാൽ ആനുപാതികമായ സെനറ്റ് മെമ്പർമാരുടെ എണ്ണം അനധ്യാപക ജീവനക്കാരിലും ഉണ്ടാവേണ്ടതാണ്. ആയതിനു വേണ്ട സ്റ്റാറ്റ്യൂട്ട് ഭേദഗതി കൊണ്ടുവരണമെന്ന് പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നു.

1.075 Dr. M.S. Shanavas seconded the resolution.

1.076 Sri.K. Vijayan, Sri. Saju P.J., Sri.M.P.A. Rahim, Sri.Jayakrishna T.V. Dr. Joby K Jose, Dr.V.P.P. Mustafa, Adv. P. Sandosh and Sri. Biju Kandakkai participated in the discussion.

1.077 ശ്രീ വിജയൻ കെ സെനറ്റിൽ ഗവ: കോളേജ് പ്രതിനിധികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും ശ്രീ എം പി എ റഹീം അൺ എയിഡഡ് കോളേജുകളിൽ നിന്നുള്ള പ്രതിനിധികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടു.

1.078 ശ്രീ സാജു പി ജെ സർവ്വകലാശാലയുടെ അനദ്ധ്യാപക ജീവനക്കാരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.

1.079 ഡോ ജോബി കെ ജോസ്. ശ്രീ ബിജു കണ്ടക്കൈ എന്നിവർ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനേക്കാൾ സെനറ്റിൻെറ ഘടനയിൽ മാറ്റങ്ങൾ വരുത്തുകയാണ് വേണ്ടതെന്ന് അഭിപ്രായപ്പെട്ടു.

1.080 ശ്രീ ജയകൃഷ്ണൻ ടി.വി., ഡോ വി പി പി മുസ്തഫ, അഡ്വ. പി സന്തോഷ് കുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

1.081 സെനറ്റ് പ്രമേയം അംഗീകരിച്ചു.

## Resolution No.20

Dr.Shanoj.M.P moved the resolution

എയിഡഡ് കോളേജ് അധ്യാപകരുടെ മേലുള്ള മാനേജ്മെൻറുകളുടെ ശിക്ഷണാധികാരം പരിമിതപ്പെടുത്താനുള്ള നടപടികൾ സർവകലാശാല സ്വീകരിക്കണം. സർവകലാശാലാതലത്തിൽ രൂപികരിക്കുന്ന ഒരു കമ്മിറ്റിയെ ഇത്തരം വിഷയങ്ങളിൽ അന്വേഷണം നടത്താൻ നിയോഗിക്കണമെന്നും ഈ കമ്മിറ്റിയുടെ അന്തിമതീർപ്പിനു വിധേയമായേ അധ്യാപകർക്ക് നേരെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാവൂ എന്നും ഈ പ്രമേയം ആവശ്യപ്പെടുന്നു.

1.082 Dr. Sureshkumar K.S. seconded the resolution.

1.083 വിഷയം സിൻറിക്കേറ്റിൽ ചർച്ച ചെയ്യാമെന്ന് ചെയർ അഭിപ്രായപ്പെട്ടു.

1.084 സെനറ്റ് പ്രമേയം അംഗീകരിച്ചു.

## Resolution No.21

Sri.Suhail Muhammed Khalid moved the resolution

കണ്ണൂർ സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്കുള്ള യു.ജി.സി അംഗീകാരം നിലനിർത്തേണ്ടത് അനിവാര്യമാണ്. അടുത്ത അധ്യയനവർഷത്തേക്കുള്ള കോഴ്സുകൾക്ക് അപേക്ഷിക്കാൻ കണ്ണൂർ സർവകലാശാലക്ക് സാധിക്കില്ല എന്ന് മനസ്സിലാക്കുന്നു. കാസർഗോഡ്, കണ്ണൂർ ജില്ലകളെ പൂർണമായും വയനാട് ഭാഗികമായും കൂടാതെ മറ്റ് ജില്ലകളിലേയും നിരവധി വിദ്യാർത്ഥികൾ ആശ്രയിക്കുന്ന വിദൂര വിദ്യാഭ്യാസ കേന്ദ്രമാണ് കണ്ണൂർ യൂണിവേഴ്സിറ്റിയുടേത്. ഏകദേശം പന്ത്രണ്ടായിരത്തോളം വിദ്യാർത്ഥികൾ വിവിധ യുജി/പിജി കോഴ്സുകൾക്ക് സർവകലാശാലയിലെ വിദൂര വിദ്യാഭ്യാസകേന്ദ്രത്തിൽ അപേക്ഷ നൽകുന്നുണ്ട്. സർക്കാർ എയിഡഡ് കോളേജുകളുടെ അപര്യാപ്തതയും മറ്റ് സാമൂഹ്യ സാമ്പത്തിക കാരണങ്ങളും വിദൂര പഠനത്തിനു കാരണമാവുന്നുണ്ട്..ഇതിനു പരിഹാരമായി സർക്കാർ ഓപ്പൺ യൂണിവേഴ്സ്റ്റി ആരംഭിക്കാനുള്ള ശ്രമത്തിലാണ്. നിലവിൽ സർവകലാശാല വിദൂര വിദ്യാഭ്യാസ വിദ്യാർത്ഥികൾക്ക് നൽകുന്ന സർട്ടിഫിക്കറ്റിൻെറ മൂല്യം ഓപ്പൺ യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റിനു ലഭിക്കില്ല. ഓപ്പൺ സർവകലാശാല ആരംഭിച്ചാലും സർവകലാശാലക്ക് കീഴിലുള്ള വിദൂര വിദ്യാഭ്യാസ കേന്ദ്രം പൂട്ടാതിരിക്കാൻ സർവകലാശാല ഭരണസമിതി ശ്രമിക്കേണ്ടതുണ്ട്. നാക് എ പ്ലസ് ഗ്രേഡ് ലഭിച്ച സർവകലാശാലകൾക്കു മാത്രമേ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ നടത്താനുള്ള അനുമതി നൽകുകയുള്ളു എന്ന് യു.ജി.സി നിഷ്കർഷിക്കുന്നുവെങ്കിൽ അത് നേടിയെടുക്കാനുള്ള ശ്രമങ്ങളും നടപടികളും അടിയന്തിരമായി സ്വീകരിക്കണമെന്നു ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.085 Dr. R.K. Biju seconded the resolution.

1.086 ശ്രീ എം സി രാജു, ഡോ വി പി പി മുസ്തഫ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

1.087 സെനറ്റ് പ്രമേയം അംഗീകരിച്ചില്ല.

## Resolution No.22

Sri.Jayaklrishnan.T.V moved the resolution

സർവകലാശാലാ പഠന വകുപ്പുകളിലേക്കും അഫിലിയേറ്റഡ് കോളേജുകളിലേക്കുമുള്ള ബിരുദാനന്തര ബിരുദ പ്രവേശന നടപടിക്രമങ്ങളും തീയ്യതിയും ഏകീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപെടുന്നു.

1.088 Dr.Jayakumar P.P. seconded the resolution.

1.089 സർവ്വകലാശാലയിലെ പഠന വകുപ്പുകളിലേയും അഫിലിയേറ്റഡ് കോളേജുകളിലേയും ബിരുദാനന്തര ബിരുദ പ്രവേശന നടപടിക്രമങ്ങൾ ഏകീകരിക്കുന്നത് ശരിയല്ലെന്നും പഠനവകുപ്പുകളിലെ പ്രവേശന പരീക്ഷകൾ നിലനിർത്തണമെന്നും പ്രവേശന നടപടികളുടെ സമയ ക്രമീകരണങ്ങൾ ഏകീകരിക്കാവുന്നതാണെന്നും ഡോ ജോബി കെ ജോസ് അഭിപ്രായപ്പെട്ടു.

1.090 സെനറ്റ് പ്രമേയം അംഗീകരിച്ചു.

## Resolution No.23

Dr.Swarupa.R moved the resolution

The meeting of the Senate resolved to request the Govt. of Kerala to create teaching posts to the courses sanctioned in 2013 in various Aided colleges in Kerala.

1.091 Smt. Latha E.S. seconded the resolution.

1.092 Sri. Ferold Xavier, Secretary to Govt., Finance Dept. informed the house that Govt. has taken steps to fill the teaching posts in colleges and files are pending for decision.

1.093 The Chair suggested to request the Government.

1.094 The Senate passed the resolution.

## Resolution No.24

Smt.Sona.P moved the resolution

യൂനിവേഴ്സിറ്റിയിലെ HRDC മുൻകൈയ്യെടുത്ത് കോളേജ് അധ്യാപകർക്ക് അതത് വിഷയത്തിൽ ഓരോ വർഷത്തിൻെറയും തുടക്കത്തിൽ ഒരു പരിശീലനപരിപാടി സംഘടിപ്പിക്കണമെന്നും ഇതിനായി സർവകലാശാല ബജറ്റിൽ പ്രത്യേക ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.095 Dr. Sureshkumar K.S. seconded resolution.

1.096 The Senate passed the resolution.

## Resolution No.25

Dr.Ismail Olayikkara moved the resolution

ജൂനിയർ ലക്ച്ചറർമാരുടെ സർവീസ് രംഗത്തെ പ്രശ്നങ്ങൾ സർവകലാശാല അഭിസംബോധന ചെയ്യേണ്ടുന്ന പ്രധാനപ്പെട്ട വിഷയമാണ്. ജൂനിയർ ലക്ച്ചറർമാരുടെ കാര്യത്തിൽ അക്കാദമിക് സീനിയോറിറ്റിക്ക് പകരം സർവീസ് സീനിയോറിറ്റി പരിഗണിക്കണമെന്നും ജോയിനിങ് ഡേറ്റിൻെറ അടിസ്ഥാനത്തിൽ, സർവീസ് സീനിയോറിറ്റി പരിഗണിച്ചുകൊണ്ട്

ജൂനിയർ ലക്ച്ചറർമാർക്ക് യൂനിവേഴ്സിറ്റി അപ്പ്രൂവൽ അനുവദിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.097 Dr. Sureshkumar K.S. seconded the resolution.

1.098 അക്കാദമിക് സീനിയോറിറ്റിക്കു പകരം സർവ്വീസ് സീനിയോറിറ്റി പരിഗണിക്കണമെന്ന് ശ്രീ ഷാനവാസ് എസ് എം അഭിപ്രായപ്പെട്ടു

1.099 The Chair suggested to place the matter before Standing Committee of Syndicate on Staff in Affiliated Colleges.

1.100 The Senate passed the resolution.

## Resolution No.26

Sri.Muhammed Salih.K.M moved the resolution

കണ്ണൂർ സർവകലാശാലാ വിദ്യാർത്ഥി യൂണിയന്റെ പ്രവർത്തനങ്ങൾ ഇതര വിദ്യാർത്ഥി സംഘടനകൾക്ക് ജനാധിപത്യപരമായ പരിഗണന നൽകുന്ന രീതിയിൽ സംഘടിപ്പിക്കുക.

സംഘടനാ സ്വാതന്ത്ര്യം എല്ലാ മേഖലകളിലും അനുവദിക്കപ്പെടുന്ന രീതിയിൽ സാഹചര്യമൊരുക്കാനും ഇടപെടലുകൾ ഉണ്ടാവേണ്ടതുണ്ട്. സർവകലാശാലാ യൂണിയന്റെ പ്രവർത്തനം സുതാര്യമാകുന്നതിനും ജനകീയ-വിദ്യാർത്ഥി പങ്കാളിത്തത്തോട് കുടി പരിപാടികളും പ്രവർത്തനങ്ങളും കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനും നടപടികൾ ഉണ്ടാവണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.101 Sri. Hadeeb Farhan P V. seconded the resolution.

1.102 സർവ്വകലാശാലാ യൂണിയന്റെ പ്രവർത്തനങ്ങൾ എല്ലാ വിദ്യാർത്ഥി സംഘടനകളുടേയും തുല്യമായ പങ്കാളിത്തത്തോടെയാണ് നടത്തി വരുന്നത് എന്നും പ്രമേയത്തോട് വിയോജിപ്പ് രേഖപ്പെടുത്തുന്നുവെന്നും ശ്രീമതി ശിശിര അഭിപ്രായപ്പെട്ടു.

1.103 Albin Mathew, Madhavan Maniyara, Adv.P.Sandosh എന്നിവർ പ്രമേയത്തെ എതിർത്തു സംസാരിച്ചു.

1.104 Hadeeb Ferhan P.V., Suhail Muhammed Khalid എന്നിവർ പ്രമേയത്തെ അനുകൂലിച്ചു സംസാരിച്ചു.

1.105 ശ്രീ ഇസ്മയിൽ ഓലായിക്കര ചർച്ചയിൽ പങ്കെടുത്തു.

1.106 ബഹളത്തെ തുടർന്ന് സഭ 10 മിനിറ്റ് നേരത്തേക്ക് നിർത്തി വെച്ചു.

1.107 സഭ പുനരാരംഭിച്ചപ്പോൾ പ്രമേയം വോട്ടിനിടുകയും തള്ളുകയും ചെയ്തു.

1.108 കൃത്യം 1.20ന് സഭ ഉച്ച ഭക്ഷണത്തിനായി പിരിഞ്ഞു.

1.109 ഉച്ചഭക്ഷണത്തിനു ശേഷം കൃത്യം 2.30 മണിക്ക് സഭ പുനരാരംഭിച്ചു.

## Resolution No.27

Dr.Manjula K V moved the resolution

ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള വിദ്യാർഥിപ്രവേശനത്തിൽ നിരവധി വർഷങ്ങളായി മാർജിനൽ ഇൻക്രീസായി വർധിപ്പിച്ച് നിലനിർത്തുന്ന സീറ്റുകൾ പെർമനന്റ് ഇൻക്രീസായി മാറ്റണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.110 Jayakrishnan T.V. seconded the resolution.

1.111 മാർജിനൽ ഇൻക്രീസിനായി ഏയ്ഡഡ് കോളേജുകളിൽ നിന്നും ഫീസീടാക്കുന്നത് ഒഴിവാക്കണമെന്ന് ഡോ ആർ കെ ബിജു അഭിപ്രായപ്പെട്ടു.

1.112 ഗവൺമെൻറ് കോളേജുകളിൽ പെർമനൻറ് ഇൻ ക്രീസ് അനുവദിക്കുന്ന തീരുമാനം സർക്കാർ തലത്തിലായിരിക്കുമെന്നും, കോഴ്സ് സ്റ്റബിലൈസേഷൻ ഉണ്ടെങ്കിൽ മാത്രമേ പെർമനൻറ് ഇൻക്രീസ് കൊടുക്കാൻ സാധിക്കുകയുള്ളൂ എന്നും. കോളേജുകളിൽ നിന്നും അപേക്ഷ വരുന്ന മുറക്ക് പ്രസ്തുത കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാവുന്നതാണ് എന്നും ഡോ അജയകുമാർ കെ അഭിപ്രായപ്പെട്ടു.

1.113 സഭ പ്രമേയം അംഗീകരിച്ചു.

## Resolution No.28

Dr.Jayakumar.P.P moved the resolution

കേരള സർക്കാറിന്റെയും സർവകലാശാലയുടെയും നിയമ വ്യവസ്ഥകൾക്ക് വിധേയമായി പൂർണ്ണമായും യോഗ്യതാടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി ഉന്നത വിദ്യാഭ്യാസ മേഖലയിൽ പൊതുസേവനം നടത്തുന്ന സ്ഥാപനങ്ങളാണ് ഗവൺമെൻറ് കോളേജുകൾ, ആയതിനാൽ കോഴ്സുകൾക്കും, അഫിലിയേഷനും മറ്റുമായി യൂണിവേഴ്സിറ്റി ചുമത്തുന്ന ഭാരിച്ച ഫീസിൽ നിന്നും ഗവൺമെൻറ് കോളേജുകളെ ഒഴിവാക്കാനും സമയബന്ധിതമായി കോഴ്സുകൾക്ക് സ്ഥിരം അഫിലിയേഷൻ നൽകുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർവകലാശാലയോട് ആവശ്യപ്പെടുന്നു.

1.114 Dr.Manjula K.V. seconded the resolution.

1.115 യു ജി സി നിബന്ധനകൾക്കു വിധേയമായി സ്വാശ്രയ കോളേജുകളെ കൂടി ഉൾപ്പെടുത്തി സ്ഥിരം അഫിലിയേഷൻ നൽകണമെന്ന ഭേദഗതി ശ്രീ എം പി എ റഹീം ആവശ്യപ്പെട്ടു.

1.116 ഭേദഗതികളില്ലാതെ സഭ പ്രമേയം അംഗീകരിച്ചു.

## Resolution No.29

Sri.Suhail Muhammed Khalid moved the resolution

2019 റെഗുലേഷൻ പ്രകാരം ബിരുദ വിദ്യാർത്ഥികളുടെ നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായുള്ള 10 മാർക്കിൽ 1 മാർക്ക് സർവകലാശാല നിർബന്ധമാക്കിയിട്ടുണ്ട്.; ഇത് വിദ്യാർത്ഥികൾ പല രീതിയിലും ചൂഷണം ചെയ്യപ്പെടുന്നതിനു കാരണമാവും. പുനർമൂല്യനിർണ്ണയത്തിനോ പിന്നീട് മാർക്ക് കൂട്ടുവാനോ സാധ്യതകളില്ലാത്ത നിരന്തര മൂല്യനിർണ്ണയത്തിന്റെ മാർക്കിന്റെ കാര്യത്തിൽ സർവകലാശാല കൈക്കൊണ്ട തീരുമാനങ്ങൾ പിൻവലിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.117 ഈ പ്രമേയത്തിലെ വിഷയം നേരത്തെ ചർച്ച ചെയ്തതിനാൽ പ്രമേയം പിൻവലിക്കണമെന്ന അംഗത്തിൻെറ അഭ്യർത്ഥന പ്രകാരം ചെയറിൻെറ അനുവാദത്തോടു കൂടി പ്രമേയം പിൻവലിച്ചു.

## Resolution No.30

Sri.Satheesan.P.K moved the resolution

കണ്ണൂർസർവകലാശാല സിണ്ടിക്കേറ്റിലേക്ക് എയിഡഡ് കോളേജ് ജീവനക്കാരുടെ പ്രാതിനിധ്യം അനുവദിക്കണമെന്ന് അഭ്യർഥിക്കുന്നു. അധ്യാപക വിഭാഗത്തിലെന്ന പോലെ തന്നെ എയിഡഡ് കോളേജ് അനധ്യാപക വിഭാഗത്തിൽ നിന്നും പ്രതിനിധിയായി ഉൾപ്പെടുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ആയതിനു വേണ്ട യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.118 Dr. Shanavas M.S. seconded the resolution.

1.119 സർവ്വകലാശാല സിൻറിക്കേറ്റിലേക്ക് ജീവനക്കാരുടെ പ്രതിനിധിയെ കൂടി ഉൾപ്പെടുത്തണമെന്ന് ശ്രീ സാജു പി ജെ യും ഗവ: കോളേജ് അധ്യാപകർക്ക് സിൻറിക്കേറ്റിൽ കൃത്യമായ പ്രാതിനിധ്യം നൽകണമെന്ന് ശ്രീ വിജയനും അഭിപ്രായപ്പെട്ടു.

1.120 പ്രസ്തുത പ്രമേയം സഭ അംഗീകരിച്ചു.

## Resolution No.31

Sri.Vijayan.K moved the resolution

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ UGC നിഷ്കർഷിക്കുന്ന ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ട്.രാജ്യത്ത് വിശേഷിച്ച് കേരളത്തിൽ എൻഡോസൾഫാൻ ബാധിത പ്രദേശമായ കാസറഗോഡ് ജില്ലയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന എൻഡോസൾഫാൻ ബാധിതരായ വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കു നൽകുന്നതിനു സമാനരീതിയിൽ ശാരീരിക അവശതക്ക് പുറമേ മാനസിക അവശതകൾ അനുഭവിക്കുന്ന എൻഡോസൾഫാൻ ബാധിത വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1.121 Sri. Albin Mathew seconded the resolution.

1.122 പ്രസ്തുത വിഷയം സർവ്വകലാശാല സിൻറിക്കേറ്റിൻെറ പരിഗണയിലാണെന്ന് ശ്രീ എ നിശാന്ത് പറഞ്ഞു.

1.123 The resolution was passed by the Senate.

## Resolution No.32

Sri.Muhammed Salih.K.M moved the resolution

കണ്ണൂർ സർവകലാശാലയിൽ നിന്ന് വിവിധ കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് അവരുടെ സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസമെടുക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്.ഈ അനാസ്ഥ കാരണം, കോഴ്സ് കഴിഞ്ഞിറങ്ങിയ വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസത്തിനും, ജോലിക്കും തടസ്സമാവുന്ന

ഉദാഹരണങ്ങൾ ഏറെയുണ്ട്. ഇതിൽ മാറ്റം വേണം. നിലവിലെ ഫാസ്റ്റ് ട്രാക്ക് സംവിധാനം എന്നതിലുപരി, കോഴ്സ് പൂർത്തിയായ വിദ്യാർത്ഥികൾക്ക് എല്ലാവർക്കും ഉടനെ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന സംവിധാനത്തിലേക്ക് മാറണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.124 Sri.Suhail Muhammed Khalid seconded the resolution.

1.125 നിലവിൽ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ദ്രുതഗതിയിലാണ് നടക്കുന്നതെന്നും NAD ലൂടെ ഡിജിറ്റലൈസ്ഡ് ഡിഗ്രി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണെന്നും സിൻഡിക്കേറ്റ് അംഗം ശ്രീ ജോൺ ജോസഫ് അഭിപ്രായപ്പെട്ടു.

1.126 The Senate passed the resolution.

## Resolution No.33

Smt.Asmina Ashraf moved the resolution

കണ്ണൂർ സർവകലാശാലയുടെ നിലവാരം ഉയർത്താൻ ശ്രമകരമായ ഇടപെടലുകളും മുന്നേറ്റങ്ങളും ആവശ്യമുണ്ട്. ഗവേഷണ പഠന കേന്ദ്രങ്ങളുടെ അപര്യാപ്തതയും ആ മേഖലയോടുള്ള അവഗണനയും കണ്ണൂരിനെ ഗവേഷക സൗഹൃദ സർവകലാശാലയാക്കി മാറ്റുന്നതിന് തടസ്സം നിൽക്കുകയാണ്. സർവകലാശാല കാമ്പസുകളിൽ പോലും ഗവേഷണ വിഭാഗങ്ങളുടെ അപര്യാപ്തത പ്രകടമാണ്. കൂടുതൽ വിഷയങ്ങളിൽ, വിവിധ മേഖലകളിൽ ഗവേഷണ പഠന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഗവേഷണ പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും അടിയന്തിര ഇടപെടലുകൾ ഈ പ്രമേയം ആവശ്യപ്പെടുന്നു.

1.127 Sri. Hadeeb Farhan P.V.. seconded the resolution.

1.128 The Senate passed the resolution.

## Resolution No.34

Dr.Joby K.Jose moved the resolution

കണ്ണൂർ സർവകലാശാലയിലെ പഠന വകുപ്പുകളിൽ നടത്തുന്ന MPEd, BPEd, MEd .കോഴ്സുകൾക്ക് NCTE അംഗീകാരം നേടിയെടുക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സർവകലാശാലാ സിണ്ടിക്കേറ്റിനോട് ഈ യോഗം ആവശ്യപ്പെടുന്നു.

1.129 Sri. Saju P.J. seconded the resolution.

1.130 സർവ്വകലാശാലയിലെ എം.എഡ്. കോഴ്സിന് നിലവിൽ അംഗീകാരമുണ്ടെന്നും അത് പ്രമേയത്തിൽ നിന്ന് ഒഴിവാക്കണമെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ.ടി.പി. അഷറഫ് അഭിപ്രായപ്പെട്ടു.

1.131 ഭേദഗതി വരുത്തിയ പ്രമേയം "കണ്ണൂർ സർവകലാശാലയിലെ പഠന വകുപ്പുകളിൽ നടത്തുന്ന MPEd, BPEd .കോഴ്സുകൾക്ക് NCTE അംഗീകാരം നേടിയെടുക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സർവകലാശാലാ സിണ്ടിക്കേറ്റിനോട് ഈ യോഗം ആവശ്യപ്പെടുന്നു."

1.132 ഭേദഗതികളോടെയുള്ള പ്രമേയം സഭ അംഗീകരിച്ചു.

## Resolution No.35

Smt.Sona.P moved the resolution

നിലവിലുള്ള യൂണിവേഴ്സിറ്റി ആക്ട്, സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ്, വിവിധങ്ങളായ റഗുലേഷൻസ് എന്നിവ സംബന്ധിച്ച കാര്യക്ഷമമായ പഠനം നടത്തണം. ഇവയെ കാലോചിതവും പ്രയോഗപ്രദവും ആയി പരിഷ്കരിക്കണം എന്നും വിദ്യാർത്ഥികളുടെ അവകാശ സംരക്ഷണവും യൂണിയൻ പ്രവർത്തനവും ഉറപ്പാക്കും വിധത്തിൽ നിയമഭേദഗതികൾ കൊണ്ടുവരണമെന്നും ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടിലെയും ഭാഷാപ്രയോഗത്തിലെ ലിംഗവിവേചനം ഒഴിവാക്കി സ്ത്രീകളെയും ട്രാൻസ്ജൻേറ്ഴ്സിനേയും കൂടി ഉൾക്കൊള്ളുന്ന തരത്തിൽ ഭാഷാപ്രയോഗങ്ങളെ നവീകരിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു□

1.133 Sri. Biju Kandakkai seconded the resolution.

1.134 The Chair informed that the proposal can be placed before the Statutory Amendment Committee.

1.135 The Senate passed the resolution.

## Resolution No.36

Sri.Vijayan.K moved the resolution

ഉത്തരക്കടലാസുകളുടെ മൂല്യനിർണയത്തിനുള്ള പ്രതിഫലതുക മുൻകാലങ്ങളിൽ നൽകാറുള്ളതുപോലെ ക്യാമ്പ് അവസാനിക്കുന്ന ദിവസം തന്നെ അധ്യാപകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.136 Dr. Manjula K.V. seconded the resolution.

1.137 പരീക്ഷാ സംബന്ധമായ വിവിധ കാര്യങ്ങളിൽ ശിക്ഷാ നടപടികൾ എന്ന നിലയിൽ സർവ്വകലാശാല ആക്ടിലോ സ്റ്റാറ്റ്യൂട്ടിലോ വ്യവസ്ഥ ചെയ്യാതെ അധ്യാപകരിൽ നിന്നും പിഴ ഈടാക്കുന്നത് ഒഴിവാക്കണമെന്ന് ഡോ ആർ കെ ബിജു അഭിപ്രായപ്പെട്ടു.

1.138 ശ്രീ സാജു പി ജെ, ശ്രീ കെ വി ഉണ്ണികൃഷ്ണൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

1.139 സഭ പ്രമേയം പാസ്സാക്കി.

## Resolution No.37

Sri. Saju. P.J moved the resolution

അക്കാദമിക അടിസ്ഥാന സൗകര്യം: സിൽവർ ജൂബിലിയിലേക്ക് കടക്കുന്ന കണ്ണൂർ സർവ്വകലാശാലയിൽ പരീക്ഷാ വിഭാഗത്തിന് പ്രത്യേക കെട്ടിടം നിർമ്മിക്കുക. കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ പരീക്ഷാ ഭവൻ പ്രത്യേക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. സ്ഥല പരിമിതി മൂലം വികസനത്തിന് വൈഷമ്യം നേരിട്ടുകൊണ്ടിരിക്കുന്ന സർവ്വകലാശാലയുടെ ആസ്ഥാനത്ത് പരീക്ഷകൾ സുഗമമായി നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും മൂല്യനിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനുമായി പരീക്ഷാ വിഭാഗത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ പരിഗണനയിലുള്ള സർവ്വകലാശാലയോട് ചേർന്നുള്ള 1.07 ഏക്കർ സ്ഥലം വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകുകയും അതിൽ പ്രത്യേകം പരീക്ഷാ ഭവൻ നിർമ്മിക്കുന്നതിന് അനുമതിയും ആവശ്യമായ ഫണ്ടും നൽകണമെന്ന് കേരള സർക്കാറിനോട് അഭ്യർത്ഥിക്കുന്നു.

1.140 Sri. Rakesh M.B. seconded the resolution.

1.141 The resolution was passed by the Senate.

## Resolution No.38

Smt.Asmina Ashraf moved the resolution

പരീക്ഷകളും ഫലങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് അനിവാര്യം തന്നെ. എന്നാൽ അക്കാദമിക് കലണ്ടർ പ്രകാരം മുന്നോട്ടു പോവുമ്പോൾ തന്നെ ക്ലാസുകൾ കൃത്യമായി നടക്കുന്നുവെന്നും, ഓരോ സെമസ്റ്ററുകളിലും സിലബസ് പൂർത്തിയാക്കാൻ സാധിക്കുന്നുണ്ടോ എന്നും പരിശോധിക്കപ്പെടേണ്ടതുണ്ട്.
ഈവൻ സെമസ്റ്ററുകളിൽ സിലബസ് പൂർത്തിയാക്കുവാൻ ആവശ്യമായ പ്രവർത്തി ദിവസങ്ങളുടെ പകുതി പോലും ക്ലാസുകൾ ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. പ്രശ്ന പരിഹാരമുണ്ടാവണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.142 Sri. Hadeeb Farhan P.V. seconded the resolution.

1.143 കഴിഞ്ഞ രണ്ടു വർഷമായി അക്കാദമിക് കം എക്സാമിനേഷൻ കലണ്ടർ പ്രകാരമാണ് ക്ലാസ്സുകൾ നടത്തപ്പെടുന്നതും പരീക്ഷകൾ നടത്തുന്നതെന്നും. അതനുസരിച്ച് സെമസ്റ്ററിൽ 90 ദിവസം കോളേജുകളിൽ പ്രവൃത്തി ദിവസമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നുണ്ട് എന്നും ഡോ കെ അജയകുമാർ അഭിപ്രായപ്പെട്ടു.

1.144 മൂല്യനിർണ്ണയ ക്യാമ്പുകൾക്കായി കോളേജുകൾ സസ്പെൻറ് ചെയ്യപ്പെടുന്ന തിനാൽ കോളേജുകളിൽ 90 പ്രവൃത്തി ദിവസം ലഭിക്കുന്നില്ലെന്ന് ഡോ പ്രേമചന്ദ്രൻ കീഴോത്ത് അഭിപ്രായപ്പെട്ടു.

1.145 അക്കാദമിക് കം എക്സാമിനേഷൻ കലണ്ടർ തയ്യാറാക്കിയതിനുശേഷം അതനുസരിച്ച് ക്ലാസ്സുകൾ നടത്തപ്പെടുന്നത് പരീക്ഷകൾ കൃത്യമായി നടത്തുന്നതിനും ഫലപ്രഖ്യാപനത്തിനും വളരെയധികം ഗുണകരമായാണ് കാണപ്പെടുന്നത് എന്ന് ഡോ ജോൺ ജോസഫ് അഭിപ്രായപ്പെട്ടു.

1.146 The resolution was passed by the Senate.

## Resolution No.39

Sri. Saju. P.J moved the resolution

കേരള സർക്കാരിൻെറ 12.05.2016 ലെ കത്ത് നമ്പർ 14392/AR-1/2015/P&ARD പ്രകാരം നിയോഗിച്ച വർക്ക് സ്റ്റഡി വിഭാഗം ജോലിയുടെ വ്യാപ്തിയും അതിനനുസരിച്ചുള്ള തസ്തികയും സംബന്ധിച്ച് പഠന വിധേയമാക്കാതിരുന്ന ലൈബ്രറി, എൻ ജിനീയറിംഗ്, കമ്പ്യൂട്ടർ, ടൈപ്പിംഗ് വിഭാഗത്തിൽ ആവശ്യമായ തസ്തികകൾ ഉടൻ സൃഷ്ടിക്കുകയും ഇതര തസ്തികകളിൽ വർക്ക് സ്റ്റഡി വിഭാഗം ശുപാർശ ചെയ്ത 326 അഡീഷണൽ തസ്തികകളിൽ സർക്കാരിൻെറ 16.02.2018 തീയ്യതിയിലെ GO(MS) 50/2018/H.Edn. നമ്പർ പ്രകാരം അനുവദിച്ച 100 തസ്തികകൾ ഒഴിച്ച് ബാക്കിയുള്ള തസ്തികകൾ ഉടൻ അനുവദിക്കുകയും ചെയ്യണമെന്ന് കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

1.147 Sri. Rakesh M.B. seconded the resolution.

1.148 The Senate passed the resolution.

## Resolution No.40

Dr.Ismayil Olayikkara moved the resolution

അതത് കാലങ്ങളിൽ പ്രസക്തമായ വിഷയങ്ങൾ സംബന്ധിച്ച് യൂനിവേഴ്സിറ്റി ഇതിനു മുമ്പ് സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കോളേജ് അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് പൊതുവിഷയങ്ങളെ അഭിസംബോധന ചെയ്യുന്ന ദേശീയ-അന്തർദേശീയ സെമിനാറുകൾ യൂനിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ഓരോവർഷവും സംഘടിപ്പിക്കണമെന്നും പൗരത്വബിൽ പോലുള്ള വിഷയങ്ങളിൽ പൊതുസമൂഹത്തിനു കൃത്യമായ ദിശാബോധം നൽകുന്ന ഇടപെടൽ യൂനിവേഴ്സിറ്റിയുടെ സാമൂഹ്യ ഉത്തരവാദിത്ത നിർവഹണത്തിന്റെ ഭാഗമായി ഉണ്ടാകണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.149 Saju P J. seconded the resolution.

1.150 സുഹൈൽ മുഹമ്മദ് ഖാലിദ്, ഡോ പ്രേമചന്ദ്രൻ കീഴോത്ത്, അഡ്വ പി സന്തോഷ് കുമാർ, ശ്രീമതി സോന പി, ശ്രീ എ നിശാന്ത് ശ്രീ ബിജു കണ്ടക്കൈ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

1.151 സർവ്വകലാശാലകൾ സമൂഹത്തിന്റെ പരിഛേദം എന്ന നിലയിൽ താഴെത്തട്ടിലുള്ള ജനങ്ങളെ കൂടി ഉൾപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കണമെന്നാണ് താൻ പ്രമേയത്തിലൂടെ ഉദ്ദേശിച്ചതെന്ന് ഡോ ഇസ്മയിൽ ഓലായിക്കര അഭിപ്രായപ്പെട്ടു.

1.152 The resolution was passed by the Senate.

## Resolution No.41

Smt.Asmina Ashraf moved the resolution

മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ സർവകലാശാല പരീക്ഷകൾ ഉച്ചയ്ക്ക് ശേഷമാണ് നടത്തി വരാറുള്ളത്. ഉഷ്ണ കാലമായതിനാൽ വിദ്യാർത്ഥികൾക്ക് ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. ആയതിനാൽ പ്രസ്തുത സമയങ്ങളിലെ പരീക്ഷകൾ രാവിലെ നടത്തുന്ന രീതിയിൽ സമയ ക്രമീകരണങ്ങൾ നടത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.153 Sri. Suhail Mohammed Khalid seconded the resolution.

1.154 അധ്യാപക – വിദ്യാർത്ഥി സംഘടനകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് ഉച്ചക്ക് പരീക്ഷാ സമയം ക്രമീകരിച്ചിരിക്കുന്നതെന്നും ആവശ്യത്തിന് പ്രവൃത്തി ദിവസങ്ങൾ ലഭിക്കാത്തതിനാൽ രാവിലെ ക്ലാസ്സുകൾ നടത്താമെന്നതിനാലാണ് ഇത്തരത്തിൽ പരീക്ഷ സമയം ക്രമീകരിച്ചിരിക്കുന്നതെന്നും ഡോ കെ അജയകുമാർ അഭിപ്രായപ്പെട്ടു ഏപ്രിൽ മെയ് മാസങ്ങളിൽ ക്ലാസ്സുകൾ നടത്താത്തതുകൊണ്ട് രാവിലെ പരീക്ഷാ സമയം ക്രമീകരിക്കാവുന്നതാണ്.

1.155 ഉച്ചക്കു ശേഷം നടത്തുന്ന പരീക്ഷകൾ വിദ്യാർത്ഥികൾക്ക് പൊതുവെ സ്വീകാര്യമായിട്ടുണ്ടെന്ന് ഡോ ജോബി കെ ജോസ് അഭിപ്രായപ്പെട്ടു.

1.156 ഉച്ചക്ക് ശേഷമുള്ള പരീക്ഷകൾ കുട്ടികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന് ഡോ ആർ കെ ബിജു അഭിപ്രായപ്പെട്ടു.

1.157 കൃത്യമായ കൂടിയാലോചനകൾക്കും ചർച്ചകൾക്കും ശേഷമാണ് ഇത്തരമൊരു തീരുമാനം എടുത്തതെന്നും വിദ്യാർത്ഥികളും രക്ഷിതാകളും അദ്ധ്യാപകരും പൊതുവെ ഈ സമ്പ്രദായം സ്വാഗതം ചെയ്തിട്ടുണ്ടെന്നും ഡോ ജോൺ ജോസഫ് അഭിപ്രായപ്പെട്ടു.

1.158 The resolution was passed by the Senate.

## Resolution No.42

Dr.Swarupa.R moved the resolution

The meeting of the Senate resolved to request the UGC to consider giving Research guideship to teachers working in affiliated self-financing colleges subject to the fulfillment of UGC prescribed qualifications.

1.159 Sri.K.V.Unnikrishnan seconded the resolution.

1.160 സംസ്ഥാനത്തിന് പുറത്ത് റഗുലർ ടീച്ചർ എന്നുള്ളതിന് aided, govt, self financing എന്ന് വേർതിരിവില്ലെന്നും ആ ഒരു സ്ഥിതി ഇവിടെയും ബാധകമാക്കാമെന്നും ശ്രീ കെ വി ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു.

1.161 ഡോ ജോബി കെ ജോസ്, ഡോ ആർ കെ ബിജു എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

1.162 സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടിൽ ടീച്ചർ എന്നതിനെ നിർവചിച്ചിരിക്കുന്നത് 'A teacher approved by the University' എന്നതിനാലാണ് ഇത്തരത്തിൽ സംഭവിക്കുന്നതെന്നും പ്രസ്തുത സാങ്കേതിക തടസ്സം മറികടക്കാനുള്ള മാർഗ്ഗങ്ങൾ പരിശോധിക്കാവുന്നതാണെന്നും ശ്രീ എ നിശാന്ത് അഭിപ്രായപ്പെട്ടു.

1.163 The resolution was passed by the Senate.

## Resolution No.43

Sri.Hadeeb Farhan.P.V moved the resolution

വർഷാവർഷങ്ങളായി വിദ്യാർഥികളിൽ നിന്നും ഈടാക്കുന്ന ഫീസുകൾ (അഡ്മിഷൻ ഫീ, ട്യൂഷൻ ഫീ, പരീക്ഷ ഫീ....)വർധിച്ചുകൊണ്ടിരിക്കുകയാണ്. സെക്കണ്ടറി ഹയർ സെക്കണ്ടറി തലങ്ങളിൽ യാതൊരു സാമ്പത്തിക ബുദ്ധിമുട്ടുമില്ലാതെ പഠിച്ചുവരുന്ന വിദ്യാർഥികൾക്ക് ഡിഗ്രി തലം മുതൽ വലിയ തുക വർഷാവർഷം പല ഇനങ്ങളിലായി അടക്കേണ്ടിവരുന്നു. നിലവിലെ ഈ സ്ഥിതി വിദ്യാർത്ഥികൾക്ക് വലിയ പ്രയാസം സൃഷ്ടിക്കുന്നതാണ്. ആയതിനാൽ മേൽപറയപ്പെട്ട വിഷയങ്ങളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

1.164 Sri. Suhail Muhammed Khalid seconded the resolution.

1.165 സർക്കാർ നിർദ്ദേശിച്ച 5% വർദ്ധനവ് മാത്രമാണ് ഫീസുകളിൽ വരുത്താറുള്ളതെന്നും, മറ്റു സർവ്വകലാശാലകളോട് താരതമ്യം ചെയ്യുമ്പോൾ കണ്ണൂർ സർവ്വകലാശാല ഫീസ് കുറവാണ് എന്നും അഡ്വ പി സന്തോഷ് കുമാർ അഭിപ്രായപ്പെട്ടു.

1.166 The resolution was passed by the Senate.

## Resolution No.44

Dr.R.K.Biju moved the resolution

As per Kannur Statute Part B, item No.(28) Explanation (1),

" In the case of private colleges which have executed an agreement with the Govt. for the direct payment of salary to staff and which continue to subsist, the educational conferences, seminars etc contemplated under this Statute are those which is sponsored by the Central Govt, the State Govt. the UGC and any University existing in the State of Kerala'. Along with these agencies Universities, and Deemed to be University in the country also may be appended.

1.167 Dr.Premachandran Keezhoth seconded the resolution.

1.168 The Chair suggested to place the proposal before Statutory Amendment Committee.

1.169 The resolution was passed by the Senate.

## Resolution No.45

Sri.Muhammed Salih.K.M moved the resolution

2013 ന് മുമ്പുള്ള ഡിഗ്രി ബാച്ചുകളിൽ പല കാരണങ്ങൾ കൊണ്ട് ബിരുദം നേടാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കായി മേഴ്സി ചാൻസ് നൽകി ഒരു അവസരം കൂടി സർവകലാശാല അനുവദിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.170 Sri. Suhail Muhammed Khalid seconded the resolution.

1.171 അപേക്ഷകൾ വരുന്ന മുറക്ക് മേഴ്സി ചാൻസ് അനുവദിക്കുന്ന കാര്യം പരിശോധിക്കാമെന്ന് സിൻറിക്കേറ്റ് മെമ്പർ ഡോ ജോൺ ജോസഫ് പറഞ്ഞു.

1.172 The resolution was passed by the Senate.

## Resolution No.46

Dr.R.K.Biju moved the resolution

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രൈവറ്റ് കോളേജുകളിൽ കോളേജ് കൗൺസിലിലേക്ക് ഓഫീസ് സൂപ്രണ്ട്, ലൈബ്രേറിയൻ, NCC ഓഫീസർ എന്നിവരെ ഉൾപ്പെടുത്തുവാനുള്ള സർക്കാർ ഉത്തരവുകൾ സർവകലാശാല ചട്ടങ്ങളിൽ ഉൾപ്പെടുത്തുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുവാൻ പ്രമേയം അവതരിപ്പിക്കുന്നു

1.173 Dr.Premachandran Keezhoth seconded the resolution.

1.174 The Chair suggested to place before Statutory Amendment Committee.

1.175 The resolution was passed by the Senate.

## Resolution No.47

Sri.Satheesan.P.K moved the resolution

കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള ഗവ: എയിഡഡ് കോളേജിലെ പരീക്ഷാസംബന്ധവും അല്ലാത്തതുമായ രേഖകൾ യൂനിവേഴ്സിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിനു ജീവനക്കാരുടെപേരിൽ ഭീമമായ പിഴ ഈടാക്കുന്നത് ഒഴിവാക്കണം. ഇത് സംബന്ധിച്ചുള്ള പിഴ വിദ്യാർത്ഥികളിൽ നിന്നു തന്നെ ഈടാക്കേണ്ടതാണ്. വിദ്യാർത്ഥികൾ യഥാസമയം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതാണു കാലതാമസം നേരിടുന്നതിനുള്ള കാരണം. ആയതിനാൽ വിദ്യാർത്ഥികളുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചക്ക് ജീവനക്കാരുടെ പേരിൽ പിഴ ചുമത്തുന്നത് ഒഴിവാക്കണമെന്നു പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1.176 Dr.Shanavas S.M. seconded the resolution.

1.177 പലപ്പോഴും കോളേജുകളിൽ നിന്നും അപേക്ഷകളും ഇൻേറണൽ മാർക്കുകളും യും കൃത്യ സമയത്ത് ലഭിക്കാത്തതിനാൽ പരീക്ഷാ ഫല പ്രഖ്യാപനം സമയബന്ധിതമായി നടത്താൻ സാധിക്കാത്തതിനാലാണ് ഇത്തരത്തിൽ പിഴ ചുമത്തേണ്ടതായി വരുന്നത് എന്ന് ഡോ ജോൺ ജോസഫ് അഭിപ്രായപ്പെട്ടു.

1.178 ജീവനക്കാരുടെ മേൽ പിഴ ചുമത്തുന്നത് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമ്പോൾ അത് വിദ്യാർത്ഥികളുടെ മേൽ അടിച്ചേൽപ്പിക്കരുതെന്നും ശ്രീ സുഹൈൽ മുഹമ്മദ് ഖാലിദ് അഭിപ്രായപ്പെട്ടു.

1.179 പിഴ എന്നത് കോളേജ് അദ്ധ്യപകർക്കും അനദ്ധ്യാപകർക്കും മാത്രമാണ് ബാധകമാക്കാറുള്ളതെന്നും ഈ വിവേചനം അവസാനിപ്പിക്കണമെന്നും ഡോ ആർ കെ ബിജു അഭിപ്രായപ്പെട്ടു.

1.180 പാവപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും ദയാരഹിതമായി പിഴയീടാക്കുന്ന സംഭവങ്ങളുണ്ടാകാറുണ്ടെന്നും അത്തരം സാഹചര്യങ്ങൾ ഒഴിവാക്കണമെന്ന് ഡോ പ്രേമചന്ദ്രൻ കീഴോത്ത് അഭിപ്രായപ്പെട്ടു.

1.181 ഇൻേറണൽ അസസ്മെൻറ് പ്രിൻറൗട്ടിൽ വിദ്യാർത്ഥികൾ ഒപ്പിടാത്ത സാഹചര്യത്തിൽ ഈടാക്കിയിരുന്ന ഫീസും, അതിൻെറ ഹാർഡ് കോപ്പി കൃത്യമായി ഹാജരാക്കിയിട്ടില്ലെങ്കിൽ ഈടാക്കിയിരുന്ന ഫീസും സർവ്വകലാശാല ഈയിടെയായി ഒഴിവാക്കിയിട്ടുണ്ടെന്ന് ശ്രീ നിശാന്ത് പറഞ്ഞു.

1.182 The resolution was passed by the Senate.

## അടിയന്തിര പ്രമേയം

1.183 ഡോ ജോബി കെ ജോസ് താഴെ പറയുന്ന അടിയന്തിര പ്രമേയം അവതരിപ്പിച്ചു.

സർവ്വകലാശാലയിൽ ഗവേഷണം ചെയ്യുന്ന ഗവേഷകർക്ക് അവരുടെ ഗൈഡ് റിട്ടയർ ചെയ്തു കഴിഞ്ഞാൽ ആ ഗൈഡിൻെറ കീഴിൽ ഗവേഷണം പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ ഈ ഉത്തരവ് പുന:പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം സർവ്വകലാശാല അധികാരികളോട് ആവശ്യപ്പെടുന്നു.

1.184 അടിയന്തിര പ്രമേയം സഭ അംഗീകരിച്ചു.

1.185 ശ്രീ ബിജു കണ്ടക്കൈ നേരത്തെ അവതരിപ്പിച്ച CAA ക്ക് എതിരായുള്ള പ്രമേയത്തിൻ മേലുള്ള ചർച്ച നടന്നു.

1.186 ശ്രീ സുഹൈൽ മുഹമ്മദ് ഖാലിദ്, അഡ്വ പി സന്തോഷ് കുമാർ, ഹദീബ് ഫർഹാൻ, ഡോ ജോബി കെ ജോസ് ശ്രീ നിശാന്ത് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

1.187 പ്രമേയം സഭ പാസ്സാക്കി.

1.188 വാർഷിക സെനറ്റ് ഈ വർഷം മാർച്ച് അവസാനം നടത്തുമെന്ന അദ്ധ്യക്ഷൻെറ പ്രസ്താവനയോടെ വൈകുന്നേരം 4.15 ന് സഭ പിരിഞ്ഞു.

**Dt.** **Vice-Chancellor**